## പതിനാലാം കേരള നിയമസഭ

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
# (2016-2019)

## ഒന്നാമത് റിപ്പോർട്ട്

(2018 ഏപ്രിൽ മാസം 3-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ/ഓഡിറ്റ്/വാർഷിക റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിലെ കാലതാമസം സംബന്ധിച്ച റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2018

പതിനാലാം കേരള നിയമസഭ

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
# (2016-2019)

## ഒന്നാമത് റിപ്പോർട്ട്

(2018 ഏപ്രിൽ മാസം 3-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ / സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ / ഓഡിറ്റ് / വാർഷിക റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിലെ കാലതാമസം സംബന്ധിച്ച റിപ്പോർട്ട്**

780/2018.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| ആമുഖം | .. | ix |
| റിപ്പോർട്ട് | .. | 1 |

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
# (2016-2019)

## സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. മോൻസ് ജോസഫ്

അംഗങ്ങൾ :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. അൻവർ സാദത്ത്

ശ്രീമതി ഗീതാ ഗോപി

ശ്രീ. കെ. ജെ. മാക്സി

ശ്രീ. എം. നൗഷാദ്

ശ്രീ. പി. കെ. ശശി

ശ്രീ. എൻ. വിജയൻ പിള്ള

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എ. അബ്ദുൾ ഖരീം, അഡീഷണൽ സെക്രട്ടറി

ശ്രീ. എസ്. സുനിൽകുമാർ, അണ്ടർ സെക്രട്ടറി.

# മുഖവുര

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2016-2019)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2018 മാർച്ച് 27-ാം തീയതി ചേർന്ന സമിതി യോഗം അംഗീകരിച്ചു

മോൻസ് ജോസഫ്,

*അദ്ധ്യക്ഷൻ,*

*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി*

തിരുവനന്തപുരം,
2018 ഏപ്രിൽ 3.

## ആമുഖം

സംസ്ഥാന സർക്കാരിനു കീഴിൽ വരുന്നതും സർക്കാരിന്റെ സാമ്പത്തിക സഹായം സ്വീകരിക്കുന്നതുമായ പൊതുമേഖലാ സ്വയംഭരണ സ്ഥാപനങ്ങളുടെ ചട്ടപ്രകാരമുള്ള വാർഷിക/ആഡിറ്റ് റിപ്പോർട്ടുകൾ യഥാസമയം സഭയുടെ മേശപ്പുറത്തു വയ്ക്കേണ്ടതായിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ അവയുടെ റിപ്പോർട്ടുകൾ ചട്ടപ്രകാരമുള്ള കാലപരിധി ക്കുള്ളിലാണോ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതെന്നും റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ അകാരണമായ കാലതാമസം വരുത്തുന്നുണ്ടോയെന്നും പരിശോധിക്കുന്നതിന് ഒരു പ്രത്യേക സമിതി രൂപീകരിക്കണമെന്ന ഒൻപതാം കേരള നിയമസഭയുടെ ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ 1995 ഏപ്രിൽ 21-ാം തീയതിയിലെ അസാധാരണ ഗസറ്റ് വിജ്ഞാപനം വഴിയാണ് 1995 ഏപ്രിൽ 28-ാം തീയതി കേരള നിയമസഭയിലെ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി രൂപീകൃതമായത്.

പതിനാലാം കേരള നിയമസഭയുടെ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി 2016 ജൂലൈ 25-ാം തീയതി രൂപീകൃതമായി. നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ നിയമത്തിൽ അനുശാസിക്കുന്നതു പ്രകാരം യഥാസമയം സഭയിൽ സമർപ്പിക്കുന്നുണ്ടോ, അവ സമർപ്പിക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടെങ്കിൽ കാലതാമസ ത്തിനുള്ള കാരണം വ്യക്തമാക്കുന്ന കാലതാമസ പത്രിക സഹിതമാണോ സഭയിൽ സമർപ്പിച്ചത്, കാലതാമസ പത്രികയിൽ പറഞ്ഞിരിക്കുന്ന കാരണങ്ങൾ വസ്തുനിഷ്ഠവും അംഗീകരിക്കാവുന്നതുമാണോ എന്നിവ പരിശോധിക്കുകയും ഇതു സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതോടൊപ്പം ബഹു. സ്പീക്കർ കാലാകാലങ്ങളിൽ ചുമതലപ്പെടുത്തുന്ന മറ്റ് പ്രവർത്തനങ്ങൾ ചെയ്യുകയെന്നതാണ് മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ കർത്തവ്യം.

പൊതുമേഖലാ സ്ഥാപനങ്ങൾ അവയുടെ വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ/ കണക്കുകൾ എന്നിവ അതത് സാമ്പത്തിക വർഷം അവസാനിച്ച് ആറുമാസത്തിനകം (സെപ്റ്റംബർ 30) സർക്കാരിൽ സമർപ്പിക്കണമെന്നും സർക്കാർ അത് പരിശോധിച്ച് മൂന്ന് മാസത്തിനകം (ഡിസംബർ 31) സഭയിൽ സമർപ്പിക്കണമെന്നുമുള്ള 1956-ലെ കമ്പനി നിയമത്തിലേയും 1971-ലെ കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെയും നിയമത്തിലെ വകുപ്പുകൾ അനുശാസിക്കുന്നുണ്ടെങ്കിലും, റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിൽ മേൽപ്പറഞ്ഞ സമയപരിധി സംസ്ഥാനത്തെ ഭൂരിപക്ഷം പൊതുമേഖലാ സ്ഥാപനങ്ങളും കൃത്യമായി പാലിക്കുന്നില്ല. പൊതു ഖജനാവിലെ പണമുപയോഗിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ അവയുടെ റിപ്പോർട്ടുകൾ ബന്ധപ്പെട്ട നിയമം അനുശാസിക്കുന്ന

സമയപരിധിക്കുള്ളിൽ സമർപ്പിക്കുന്നതിന് കാണിക്കുന്ന നിരുത്തരവാദപരമായ സമീപനം അംഗീകരിക്കാവുന്നതല്ല. സംസ്ഥാനത്തിന്റെ വികസനത്തിനും വ്യാവസായിക പുരോഗതിക്കും പൊതുമേഖലാ സ്ഥാപനങ്ങൾ അനുപേക്ഷണീയമാണെന്നും അവ മികച്ചരീതിയിൽ പ്രവർത്തിക്കേണ്ടതും നിലനിൽക്കേണ്ടതും സമൂഹത്തിന്റെ ആവശ്യമാണെന്നും സമിതി വിലയിരുത്തുന്നു.

വ്യവസായ വകുപ്പിനു കീഴിൽ വരുന്ന സ്ഥാപനങ്ങളുടെ വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നത് സമിതി പരിശോധിക്കുകയും റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ ഭീമമായ കുടിശ്ശിക വരുത്തുന്നതായി കണ്ടെത്തുകയും ചെയ്തു. ഇതൊഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് കത്തിടപാടുകൾ നടത്തുകയുണ്ടായി. തുടർന്നും കുടിശ്ശിക പൂർണ്ണമായും ഒഴിവാകാത്തതിനാൽ വ്യവസായ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളുടെ കുടിശ്ശിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നത് സംബന്ധിച്ച് വകുപ്പ് സെക്രട്ടറിയിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തി. പ്രസ്തുത തെളിവെടുപ്പിന്റെയും വകുപ്പിൽ നിന്ന് ലഭിച്ച അധിക വിവരങ്ങളുടെയും അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും ശിപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

# റിപ്പോർട്ട്

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാഭത്തിലുള്ളവയും നഷ്ടത്തിൽ പ്രവർത്തിക്കുന്നവയും അടച്ചുപൂട്ടലിനോ മറ്റുള്ളവയിലേക്ക് ലയിപ്പിക്കുന്നതിനോ തീരുമാനമായിട്ടുള്ളവയും ഉണ്ട്. ഓരോ സ്ഥാപനങ്ങളും അവയുടെ പ്രവർത്തനം, സാമ്പത്തിക സ്ഥിതി എന്നീ വിവരങ്ങളടങ്ങിയ റിപ്പോർട്ടുകൾ സഭയിൽ യഥാവിധി സമർപ്പിച്ചാൽ മാത്രമേ സാമാജികർക്ക് അത് പരിശോധിക്കുവാനും അത്തരം കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്തി ഈ സ്ഥാപനങ്ങളെ പുനരുദ്ധരിക്കാനും, ആയതിന് കഴിയാത്തവയിൽ ഗവൺമെന്റ് ധനം ദുർവിനിയോഗം ചെയ്യാതിരിക്കുവാനുമുള്ള നടപടികൾ സ്വീകരിക്കുവാനും കഴിയുകയുള്ളൂ. ഇത്തരത്തിൽ ഉള്ള വിഷയങ്ങൾ സഭയുടെ ശ്രദ്ധയിൽ വരാത്തതുമൂലം ധാരാളം സർക്കാർ ധനം ദുർവിനിയോഗം ചെയ്യുന്നതായി സമിതി വിലയിരുത്തുന്നു. ഓഡിറ്റ് റിപ്പോർട്ടുകൾ കൃത്യമായാൽത്തന്നെ പല സ്ഥാപനങ്ങളുടേയും പ്രവർത്തനത്തിൽ വളരെയേറെ വ്യത്യാസം വരുത്തുവാൻ സാധിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു. സമിതിയുടെ പഠനത്തിൽ 1995-1996 മുതൽ കണക്കുകൾ സഭയിൽ അവതരിപ്പിക്കാത്ത സ്ഥാപനങ്ങളുണ്ട്. വിവിധ വകുപ്പുകളുടെ ഭരണ ചുമതലയിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെയും മറ്റു സ്ഥാപനങ്ങളുടെയും വാർഷിക റിപ്പോർട്ടുകളും കണക്കുകളും യഥാസമയം സഭയിൽ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ഭരണ വകുപ്പുദ്യോഗസ്ഥന്മാർ ശ്രദ്ധ പതിപ്പിച്ചാൽ കാര്യങ്ങൾ കൂടുതൽ മെച്ചപ്പെടും എന്നതിൽ തർക്കമില്ല.

2. സർക്കാർ, കമ്പനികളുടെ വാർഷിക കണക്കുകൾ അതത് സാമ്പത്തിക വർഷം അവസാനിച്ച് ആറുമാസത്തിനുള്ളിൽ പൂർത്തിയാക്കിയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ള 1956-ലെ കമ്പനി നിയമത്തിലെ വ്യവസ്ഥകളും 1971-ലെ സി&എ.ജി യുടെ (കർത്തവ്യങ്ങളും അധികാരങ്ങളും സേവന വ്യവസ്ഥകളും) നിയമത്തിലെ വ്യവസ്ഥകളും പാലിക്കപ്പെടുന്നില്ല.

3. സ്ഥാപനങ്ങൾ യഥാസമയം റിപ്പോർട്ടുകളും കണക്കുകളും സമർപ്പിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ട ചുമതല ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്കാണ്. എന്നാൽ റിപ്പോർട്ട് സമർപ്പണത്തിലെ വീഴ്ചകൾ പരിഹരിക്കുന്നതിനും സ്ഥാപനങ്ങൾക്കുവേണ്ട മാർഗ്ഗനിർദ്ദേശം നൽകുന്നതിലും പല വകുപ്പുകളും തികഞ്ഞ അലംഭാവമാണ് കാണിക്കുന്നത്. വാർഷിക റിപ്പോർട്ട് സമർപ്പണവുമായി ബന്ധപ്പെട്ട് സമിതിയുടെ നിർദ്ദേശാനുസരണം കത്തും നിരവധി ഓർമ്മക്കുറിപ്പുകളും അയച്ചിട്ടും യഥാസമയം മറുപടി നൽകുന്നതിന് പല വകുപ്പുകളും തയ്യാറാകുന്നില്ല. മിക്ക പൊതുമേഖലാ സ്ഥാപനങ്ങളുടേയും ഡയറക്ടർ ബോർഡിൽ ബന്ധപ്പെട്ട ഭരണ വകുപ്പിലെയും ധനകാര്യ വകുപ്പിലെയും ഉദ്യോഗസ്ഥർ അംഗങ്ങളാണെന്നിരിക്കെ റിപ്പോർട്ട് തയ്യാറാക്കുന്നതിലെ വീഴ്ച അതീവ ഗൗരവമായി കാണേണ്ടതാണ്.

4. വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകളിന്മേൽ ലഭിച്ച കാലതാമസ പത്രികകൾ സമിതി യോഗങ്ങളിൽ പരിശോധിച്ചിരുന്നു.

5. വ്യവസായ വകുപ്പിന്റെ കീഴിലുള്ള പല പൊതുമേഖലാ സ്ഥാപനങ്ങളും 1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകരിക്കപ്പെട്ട സ്ഥാപനങ്ങളാണ്. പ്രസ്തുത സ്ഥാപനങ്ങൾ സാമ്പത്തിക വർഷം കഴിഞ്ഞ് 9 മാസത്തിനുള്ളിൽ (അതത് വർഷം ഡിസംബർ 31-ന് മുമ്പായി) വാർഷിക റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തുവയ്ക്കണമെന്ന് നിയമം അനുശാസിക്കുന്നുണ്ട്. എന്നാൽ യഥാസമയം ഓഡിറ്റർമാരെ നിയമിക്കാത്തതുമൂലം പല സ്ഥാപനങ്ങളുടെയും ഓഡിറ്റിംഗ് കൃത്യമായി നടക്കാറില്ല. 2016-17-ലെ പബ്ലിക് എന്റർ പ്രൈസസ് റിവ്യൂ കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം അഞ്ചും ആറും വർഷം ഓഡിറ്റ് കുടിശ്ശികയുള്ള സ്ഥാപനങ്ങൾ വ്യവസായ വകുപ്പിന് കീഴിലുണ്ട്. ഓഡിറ്റേഴ്സിനെ കൃത്യമായി നിയമിക്കുകയും ഓഡിറ്റിംഗ് കൃത്യമായി പൂർത്തീകരിക്കുകയും ചെയ്താൽ മാത്രമേ ഇതിന് പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. എന്നാൽ ഇതിന് ആവശ്യമായ പരിഗണന നൽകുന്നതായി കാണുന്നില്ല.

6. സി & എ. ജി, ഓഡിറ്റർമാരെ നിയമിച്ചാൽ തന്നെ ഓഡിറ്റിംഗ് പൂർത്തീകരിച്ചു നൽകുന്ന റിപ്പോർട്ടുകൾ വാർഷിക പൊതുയോഗം അംഗീകരിച്ചതിനുശേഷം പുസ്തക രൂപത്തിൽ പ്രിന്റ് ചെയ്ത് സർക്കാരിൽ ലഭ്യമാക്കുന്നതിന് 3 മുതൽ 6 മാസം വരെ കാലതാമസം ഉണ്ടാകുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. വാർഷിക പൊതുയോഗം കൃത്യമായി ചേരുന്നതിൽ വരുത്തുന്ന കാലവിളംബം റിപ്പോർട്ട് അംഗീകരിച്ച് സർക്കാരിന് സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടാക്കുന്നു.

7. പൊതുമേഖലാ സ്ഥാപനങ്ങൾ/ബോർഡുകൾ/കോർപ്പറേഷനുകൾ എന്നിവ സർക്കാരിന് നൽകുന്ന റിപ്പോർട്ടുകൾ കാലതാമസ പത്രിക സഹിതമാണെങ്കിൽ അതും കൂടി ഉൾപ്പെടുത്തി ആമുഖ കത്ത് സഹിതം സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കുന്നതിനായി 3 മുതൽ 7 മാസം വരെ എടുത്തിട്ടുണ്ടെന്നത് അത്യന്തം ഖേദകരമാണ്. ഇത്രയും കാലതാമസം വരുത്തുന്നത് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള നിരുത്തരവാദപരമായ സമീപനമായി മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. സമിതി നിർദ്ദേശ പ്രകാരം സമയബന്ധിതമായി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് ധനകാര്യ വകുപ്പിൽ നിന്ന് സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും അവയ്ക്കൊന്നും തന്നെ യാതൊരുവിലയും കല്പിച്ചതായി കാണുന്നില്ല.

8. ഓരോ ഡിലേസ്റ്റേറ്റ്മെന്റിലും 'റിപ്പോർട്ട് സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തില്ലായെന്നും ബോധപൂർവമുള്ള പ്രവൃത്തി മൂലമല്ല കാലതാമസമുണ്ടായിട്ടുള്ളതെന്നും' അറിയിക്കുകയും വീണ്ടും ഇത് ആവർത്തിക്കുകയും ചെയ്യുന്നു. നിയമസഭ പാസ്സാക്കിനൽകുന്ന തുക പല

സ്ഥാപനങ്ങളും എങ്ങനെ വിനിയോഗിക്കുന്നു എന്നറിയുന്നതിന് നിയമസഭയ്ക്ക് അവകാശമുണ്ട്. ഇതിൽ യാതൊരു വിട്ടുവീഴ്ചയും അനുവദിക്കുകയില്ല. ഓരോ വർഷവും റിപ്പോർട്ട് സമർപ്പിക്കാൻ കാലതാമസം വരുത്തുന്നതിലൂടെ പിന്നീടുള്ള വർഷങ്ങളിലും ഈ കാലതാമസം തുടരുന്നു. കുടിശ്ശിക റിപ്പോർട്ടുകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിലൂടെ റിപ്പോർട്ട് സമർപ്പണം കൃത്യമാവുകയും ചെയ്യും. കൂടാതെ ആഡിറ്റ് റിപ്പോർട്ടുകൾ കൃത്യമായി സമർപ്പിക്കുന്നതിലൂടെ പലപ്പോഴും പല സ്ഥാപനങ്ങളിലേയും ധനദുർവിനിയോഗം ഒഴിവാക്കുന്നതിനും ഓരോ വർഷത്തെയും ഓഡിറ്റ് ഒബ്ജക്ഷനുകൾ അടുത്ത വർഷം ആവർത്തിക്കാതിരിക്കുന്നതിനും സാധിക്കും. ഇത് ഓരോ സ്ഥാപനത്തിന്റെയും വളർച്ചയേയും സഹായിക്കും.

9. സഭയിൽ സമർപ്പിക്കുന്നതിനായി പല സ്ഥാപനങ്ങളും ലഭ്യമാക്കുന്ന റിപ്പോർട്ടുകൾ പരിശോധിച്ചതിൽ പല സ്ഥാപനങ്ങളുടേയും റിപ്പോർട്ടിലെ ഉള്ളടക്കം, പുറംചട്ടയിലെ രേഖപ്പെടുത്തൽ, ഭരണ വകുപ്പ് ലഭ്യമാക്കുന്ന ആമുഖ കത്തിലെ രേഖപ്പെടുത്തൽ എന്നിവ തമ്മിൽ ഐക്യരൂപ്യം കാണാറില്ല. വാർഷിക റിപ്പോർട്ടിൽ എന്തെല്ലാം വിവരങ്ങൾ ഉൾപ്പെടുത്തണം, ഓഡിറ്റ് റിപ്പോർട്ട് എന്തായിരിക്കണം എന്നിവ കൃത്യമായി നിർവ്വചിച്ച് നൽകേണ്ടതും ആ വ്യവസ്ഥ അനുസരിച്ചാണോ ഇവ തയ്യാറാക്കിയിരിക്കുന്നതെന്നും ബന്ധപ്പെട്ട ഭരണ വകുപ്പ് പരിശോധിച്ചുറപ്പുവരുത്തേണ്ടതുണ്ട്. എന്നാൽ ഇത്തരമൊരു പരിശോധന ഭരണ വകുപ്പിൽ നടത്തുന്നതായി കാണുന്നില്ല. പൊതുമേഖലസ്ഥാപനങ്ങൾ/ ബോർഡുകൾ/കോർപ്പറേഷനുകൾ എന്നിവയ്ക്കായി ഭരണവകുപ്പിലും ധനകാര്യവകുപ്പിലും പ്രത്യേക മേൽനോട്ട വിഭാഗങ്ങൾ ഉണ്ടെന്നാണ് സമിതി മനസ്സിലാക്കുന്നത്.

10. പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിനായി ലഭ്യമാക്കുമ്പോൾ അവ ബന്ധപ്പെട്ട ചട്ടത്തിലെ ഏതു വകുപ്പ് പ്രകാരമാണ് സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ടതെന്ന് റിപ്പോർട്ടിന്റെ പുറംചട്ടയിൽ രേഖപ്പെടുത്തുകയും ഇതു പരിശോധിച്ചുറപ്പു വരുത്തേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പിന്റെ ചുമതലയുമാണെന്ന് സമിതി മനസിലാക്കുന്നു. ഇവയെല്ലാം കണക്കിലെടുത്തും റിപ്പോർട്ട് സമർപ്പിക്കുന്നതിൽ കുടിശ്ശിക വരുത്തുന്നതിൽ ഏറ്റവും കൂടുതൽ സ്ഥാപനങ്ങൾ ഉള്ളതുമായ വ്യവസായ വകുപ്പിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തി. വ്യവസായ വകുപ്പ് സെക്രട്ടറി, വകുപ്പിന് കീഴിലുള്ള സ്ഥാപന മേലധികാരികൾ എന്നിവർ തെളിവെടുപ്പ് യോഗത്തിൽ പങ്കെടുത്തു. തെളിവെടുപ്പിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓരോ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള ശിപാർശകളും പൊതുവായ ശിപാർശകളും ചുവടെ ചേർക്കുന്നു:

## 1. കേരള സ്റ്റേറ്റ് ഹൈസ്പീഡ് റെയിൽ കോർപ്പറേഷൻ ലിമിറ്റഡ്

11. കേരള സ്റ്റേറ്റ് ഹൈസ്പീഡ് റെയിൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ 2011-2012 വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ട്. തുടർന്നുള്ളവ ലഭിച്ചിട്ടില്ല. എന്നാൽ സ്ഥാപനത്തിന്റെ 2012-2013, 2013-2014, 2014-2015, 2015-2016 എന്നീ

വർഷങ്ങളിലെ റിപ്പോർട്ട് യഥാക്രമം 3-2-2015, 17-6-2015, 4-5-2016, 5-7-2017 എന്നീ തീയതികളിൽ ഭരണ വകുപ്പിന് കൈമാറിയിട്ടുണ്ടെന്നും 2016-17-ലേത് ഡിസംബർ മാസം ആന്വൽ മീറ്റിംഗ് കഴിഞ്ഞാലുടൻ അയയ്ക്കുന്നതാണെന്നും, വാർഷിക പൊതുയോഗം കഴിഞ്ഞ് 30 ദിവസത്തിനുള്ളിൽ റിപ്പോർട്ട് നൽകണമെന്നാണ് നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നതെന്നും അങ്ങനെ ചെയ്യാൻ സാധിക്കുന്നുണ്ടെന്നും കേരള സ്റ്റേറ്റ് ഹൈസ്പീഡ് റെയിൽ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ 29-11-2017-ലെ തെളിവെടുപ്പ് യോഗത്തിൽ അറിയിച്ചു.

12. ഹൈസ്പീഡ് റെയിൽ കോർപ്പറേഷന്റെ റിപ്പോർട്ടുകൾ വകുപ്പിൽ നൽകിയിട്ടും റിപ്പോർട്ടുകൾ നാളിതുവരെ നിയമസഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കാത്തത് വകുപ്പിന്റെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ വീഴ്ചയായി വിലയിരുത്തേണ്ടി വരുമെന്ന് സമിതി അറിയിച്ചു. ഇത്തരത്തിലുള്ള കാലതാമസം നീതീകരിക്കാനാവില്ലെന്നും ഇക്കാര്യം പരിശോധിച്ച് 15 ദിവസത്തിനുള്ളിൽ കുടിശ്ശിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കണമെന്നും സമിതി തെളിവെടുപ്പ് വേളയിൽ നിർദ്ദേശിച്ചിരുന്നു. അതിൻ പ്രകാരം 15 ദിവസത്തിനുള്ളിൽ കുടിശ്ശിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കാമെന്ന് വ്യവസായ വകുപ്പ് സെക്രട്ടറി ഉറപ്പ് നൽകി. അതനുസരിച്ച് റിപ്പോർട്ടുകൾ വകുപ്പിൽ നിന്നും ലഭ്യമാക്കുകയുണ്ടായി.

13. റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിന് ലഭ്യമാക്കുന്നതിൽ വ്യവസായ വകുപ്പ് നിരുത്തരവാദപരമായാണ് പെരുമാറുന്നതെന്നും ഇത് അംഗീകരിക്കാനാകില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. <u>ഹൈസ്പീഡ് റെയിൽ കോർപ്പറേഷൻ ലഭ്യമാക്കിയ റിപ്പോർട്ടുകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുന്ന വിശദമായ മറുപടി സമിതിയെ താമസംവിനാ അറിയിക്കണമെന്ന് നിർദ്ദേശിക്കുന്നു.</u>

## 2. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

14. കെ.എസ്.ഐ.ഡി.സി. യുടെ 2015-16-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും സഭയിൽ സമർപ്പിച്ചിട്ടുണ്ട്. 2016-17-ലെ റിപ്പോർട്ട് ഓഡിറ്റ് പൂർത്തിയാക്കി പ്രിന്റിംഗിന് നൽകിയിരിക്കുകയാണെന്നും ആയത് രണ്ടാഴ്ചക്കുള്ളിൽ സമർപ്പിക്കാമെന്നും 29-11-17-ലെ തെളിവെടുപ്പ് യോഗത്തിൽ എം.ഡി. അറിയിച്ചിരുന്നുവെങ്കിലും റിപ്പോർട്ട് സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കിയിട്ടില്ല.

15. <u>കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2016-17-ലെ റിപ്പോർട്ട് അടിയന്തരമായി സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**3. ആസ്റ്റൽ വാച്ചസ് ലിമിറ്റഡ്**

16. ആസ്റ്റൽ വാച്ചസ്, കെ.എസ്.ഐ.ഡി.സി.-യുടെ സബ്സിഡിയറി കമ്പനി ആയിരുന്നുവെന്നും 2010 -ൽ പ്രസ്തുത കമ്പനിയുടെ പ്രവർത്തനം നിലച്ചുവെന്നും 2012 -ൽ ഫൈനൽ ഓഡിറ്റിംഗ് നടത്തി ബാലൻസ് ഷീറ്റ് തയ്യാറാക്കി Strike off ചെയ്യുന്നതിന് Registrar of Company-ക്ക് കൊടുത്തിരിക്കുകയാണെന്നും നടപടി പൂർത്തീകരിച്ചിട്ടില്ലെന്നും തെളിവെടുപ്പ് യോഗത്തിൽ കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർ അറിയിച്ചിരുന്നു.

17. ആസ്റ്റൽ വാച്ചസ് ലിമിറ്റഡിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് റിപ്പോർട്ട് അടിയന്തരമായി സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പ്രവർത്തനം നിലച്ച വർഷം വരെയുള്ള ആസ്തി ബാധ്യതകൾ സംബന്ധിച്ചും ഇവ ഏതെല്ലാം രീതിയിൽ ക്രമീകരിച്ചു എന്നതു സംബന്ധിച്ചും വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

**4. കേരള സ്റ്റേറ്റ് സാലിസിലേറ്റ്സ് & കെമിക്കൽസ് ലിമിറ്റഡ്**

**സിഡ്കെൽ ടെലിവിഷൻസ് ലിമിറ്റഡ്**

**സ്കൂട്ടേഴ്സ് കേരള ലിമിറ്റഡ്**

**കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ്**

**കെൽട്രോൺ പവർ ഡിവൈസസ് ലിമിറ്റഡ്**

**കെൽട്രോൺ റെക്റ്റിഫൈഡ് ലിമിറ്റഡ്**

18. മുകളിൽ സൂചിപ്പിച്ച 6 കമ്പനികളും പ്രവർത്തനം നിലച്ചവയാണെന്നും പ്രവർത്തനം നിലച്ച ഇത്തരം കമ്പനികളുടെ ലിക്വിഡേഷൻ പൂർത്തിയാക്കി കമ്പനി രജിസ്റ്ററിൽ നിന്നും പേരുകൾ നീക്കം ചെയ്യുന്നതിനും അതിനു മേൽനോട്ടം നിർവ്വഹിക്കുന്നതിനുമായി സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുള്ളതായും തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചു.

19. കേരള സ്റ്റേറ്റ് സാലിസിലേറ്റ്സ് & കെമിക്കൽസ് ലിമിറ്റഡ് 18-8-2011-ലും സ്കൂട്ടേഴ്സ് കേരള ലിമിറ്റഡ് 12-10-2011-ലും കമ്പനി രജിസ്റ്ററിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടെന്നും പ്രസ്തുത കമ്പനികളൊന്നും ഇപ്പോൾ നിലവിലില്ല എന്നും, സിഡ്കെൽ ടെലിവിഷൻ ലിമിറ്റഡ് 'Fast Track Exit' പദ്ധതി അനുസരിച്ച് കമ്പനി രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യാൻ Registrar of Company-ക്ക് അപേക്ഷ നൽകിയിട്ടുണ്ടെന്നും ആയത് തുടർനടപടിയിലാണെന്നും കെൽട്രോൺ പവർ ഡിവൈസസ് ലിമിറ്റഡ്, കെൽട്രോൺ

റെക്കിഫൈസ് ലിമിറ്റഡ്, കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ് എന്നീ കമ്പനികളെ സംബന്ധിച്ച രേഖകൾ ബഹു. ഹൈക്കോടതി നിയമിച്ച ഒഫീഷ്യൽ ലിക്വിഡേറ്ററുടെ കയ്യിലാണെന്നും അവിടെ നിന്നും രേഖകൾ റിലീസ് ചെയ്താൽ മാത്രമേ കമ്പനി രജിസ്റ്ററിൽ നിന്നും 'Fast Track Exit Scheme' അനുസരിച്ച് നീക്കം ചെയ്യാൻ സാധിക്കുകയുള്ളുവെന്നും തെളിവെടുപ്പ് യോഗത്തിൽ സ്പെഷ്യൽ ഓഫീസർ അറിയിച്ചിരുന്നു. എന്നാൽ മുകളിൽ സൂചിപ്പിച്ച കമ്പനികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് യാതൊരു മറുപടിയും വകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. അതിനാൽ സമിതി രേഖകൾ പ്രകാരം പ്രസ്തുത സ്ഥാപനങ്ങൾ ഏറ്റവും കൂടുതൽ കുടിശിക വരുത്തിയ സ്ഥാപനങ്ങൾ എന്ന നിലയിൽ ഇപ്പോഴും തുടരുന്നു.

20. മുകളിൽ സൂചിപ്പിച്ച 6 സ്ഥാപനങ്ങളും പ്രവർത്തനം നിലച്ചതെന്നാണെന്നും പ്രവർത്തനം നിലച്ച വർഷം വരെയുള്ള ആഡിറ്റിംഗ് പൂർത്തീകരിച്ച് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ടോ ഇല്ലെങ്കിൽ ഇത്രയും കാലതാമസം വരാൻ കാരണമെന്താണ്, എന്നത്തേക്ക് പൂർത്തീകരിച്ച് സഭയിൽ സമർപ്പിക്കാൻ കഴിയും എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. പ്രസ്തുത സ്ഥാപനങ്ങളുടെ ലിക്വിഡേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവ പൂർത്തീകരിച്ച് സ്ഥാപനങ്ങളെ കമ്പനി രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യുന്നതിന് എന്നത്തേക്ക് കഴിയും എന്നത് സംബന്ധിച്ച് സമഗ്രമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## 5. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്

21. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിന്റെ 2014-15 വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ട്. 2015-16-ലെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഡിലേ സ്റ്റേറ്റ്മെന്റ് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആയത് ആവശ്യപ്പെട്ടുകൊണ്ട് നിരവധി കത്തുകളും ഓർമ്മക്കുറിപ്പുകളും അയച്ചിട്ടും യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല.

22. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിന്റെ 2016-17-ലെ റിപ്പോർട്ട് ഓഡിറ്റ് പൂർത്തിയാക്കി ധനകാര്യ വകുപ്പിന്റെ കമന്റ്സിനായി അയച്ചിട്ട് മറുപടി ലഭിച്ചില്ലെന്ന് മാനേജിംഗ് ഡയറക്ടർ 29-11-2017-ലെ തെളിവെടുപ്പിൽ അറിയിച്ചിരുന്നു. റിപ്പോർട്ട് ധനകാര്യ വകുപ്പിലുണ്ടെന്നും ആയത് പരിശോധിച്ച് ഒരാഴ്ചക്കുള്ളിൽ റിപ്പോർട്ട് നൽകാമെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി പ്രസ്തുത യോഗത്തിൽ ഉറപ്പ് നൽകി.

23. ആയതിനാൽ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിന്റെ 2016-17-ലെ റിപ്പോർട്ടുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അടിയന്തരമായി റിപ്പോർട്ട് സഭയിൽ സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**6. കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര)**

24. സ്ഥാപനത്തിന്റെ റിപ്പോർട്ടുകൾ സമർപ്പിക്കുന്നുണ്ടെന്നും 2015-16 വർഷത്തെ റിപ്പോർട്ട് ഓഡിറ്റ് പൂർത്തിയാക്കി പ്രിന്റിംഗിന് അയച്ചിരിക്കുകയാണെന്നും ഡിസംബർ 15-ാം തീയതിക്കുള്ളിൽ വ്യവസായ വകുപ്പിന് നൽകാൻ കഴിയുമെന്നും 2016-17-ലെ റിപ്പോർട്ട് പ്രൊവിഷണൽ ഓഡിറ്റ് നടത്തി ബോർഡ് പാസ്സാക്കിയിട്ടുണ്ടെന്നും സി & എ.ജി. യുടെ ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ട് മൂന്ന് മാസത്തിനുള്ളിൽ സമർപ്പിക്കാൻ സാധിക്കുമെന്നും കിൻഫ്രാ മാനേജിംഗ് ഡയറക്ടർ തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിക്കുകയുണ്ടായി. അതനുസരിച്ച് കിൻഫ്രയുടെ 2015-16 വർഷത്തെ റിപ്പോർട്ട് സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുകയും ആയത് 27-2-2018-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

25. <u>കിൻഫ്രയുടെ 2016-17-ലെ റിപ്പോർട്ട് നടപടിക്രമങ്ങൾ പൂർത്തിയാക്കി സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.</u>

**7. തിരുവനന്തപുരം സ്പിന്നിംഗ് മിൽ ലിമിറ്റഡ്**

26. 2002-03 മുതൽ കമ്പനി ലിക്വിഡേഷനിലായിരുന്നുവെന്നും 2013-ലാണ് Fast track manner വഴി ലിക്വിഡേഷൻ പ്രോസസ് ബഹു. ഹൈക്കോടതി ക്യാൻസൽ ചെയ്തതെന്നും 2014-15 മുതൽ കമ്പനി ഓഡിറ്റേഴ്സിനെ നിയമിക്കുകയും അതിന്റെ ഫലമായി 2006-07 വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ടെന്നും എം.ഡി. തെളിവെടുപ്പ് യോഗത്തിൽ അറിയിച്ചു.

27. ഓഡിറ്റ് പൂർത്തിയായ 2 വർഷത്തെ റിപ്പോർട്ട് ബോർഡ് പാസാക്കി ഉടൻ നൽകാമെന്നും ലിക്വിഡേഷൻ പീരിഡിലുള്ള 4 വർഷത്തെ റിപ്പോർട്ട് ഒരുമിച്ച് ഉടൻ സമർപ്പിക്കാമെന്നും എം.ഡി. യോഗത്തിൽ ഉറപ്പ് നൽകിയിരുന്നു. രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുകയോ എ.ജി.-ൽ നിന്ന് റിപ്പോർട്ട് ലഭ്യമായില്ലെങ്കിൽ അക്കാര്യം സമിതിയെ അറിയിക്കുകയോ ചെയ്യണമെന്ന് തെളിവെടുപ്പ് വേളയിൽ വകുപ്പ് സെക്രട്ടറിക്കും സമിതി നിർദേശം നൽകിയിരുന്നു.

28. എന്നാൽ നാളിതുവരെ റിപ്പോർട്ട് സമർപ്പിക്കുകയോ റിപ്പോർട്ട് സമർപ്പിക്കാൻ വൈകുന്നതിനുള്ള കാരണം സമിതിയെ അറിയിക്കുകയോ ചെയ്യാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. <u>തിരുവനന്തപുരം സ്പിന്നിംഗ് മിൽ ലിമിറ്റഡിന്റെ ഓഡിറ്റ് പൂർത്തീകരിച്ച് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.</u>

29. <u>തിരുവനന്തപുരം സ്പിന്നിംഗ് മിൽ ലിമിറ്റഡിന്റെ ലിക്വിഡേഷൻ പീരിഡിലുള്ള റിപ്പോർട്ടുകളുടെ നിലവിലെ സ്ഥിതി എന്താണെന്നും പ്രസ്തുത റിപ്പോർട്ടുകൾ എന്നത്തേക്ക് സമർപ്പിക്കാൻ കഴിയുമെന്നതും സംബന്ധിച്ച ഒരു റിപ്പോർട്ട് തയ്യാറാക്കി അടിയന്തരമായി സമിതിയിൽ സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.</u>

## 8. കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ്

30. കെൽട്രോൺ ക്രിസ്റ്റൽസ് ലിമിറ്റഡ്, കെൽട്രോൺ മാഗ്നറ്റിക്സ് ലിമിറ്റഡ്, കെൽട്രോൺ റെസിസ്റ്റേഴ്സ് ലിമിറ്റഡ് എന്നീ മൂന്ന് കമ്പനികളും 2007-08 മുതൽ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിൽ ലയിപ്പിച്ചിട്ടുണ്ടെന്നും 2007-08 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ പ്രത്യേകം പ്രത്യേകമായി വകുപ്പിൽ നൽകിയിട്ടുണ്ടെന്നും 2007-08-ന് ശേഷമുള്ളവ Keltron Component Complex Ltd.-ന് ഒപ്പമാണ് നൽകുന്നതെന്നും 29-11-2017 ലെ തെളിവെടുപ്പ് യോഗത്തിൽ Keltron Component Complex Ltd. ന്റെ മാനേജിംഗ് ഡയറക്ടർ അറിയിച്ചിരുന്നു. ഈ മൂന്ന് സ്ഥാപനങ്ങളുടേയും 2007-08 വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച 3 സ്ഥാപനങ്ങളും കെൽട്രോണിൽ ലയിപ്പിച്ച വിവരമോ 2007-08-ന് ശേഷമുള്ള റിപ്പോർട്ടുകൾ Keltron Component Complex Ltd.-ന് ഒപ്പമാണ് നൽകുന്നതെന്നോ വകുപ്പ് വ്യക്തമാക്കാത്തതിനാലാണ് ഈ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ കുടിശ്ശികയായി നിലനിന്നതെന്നും സമിതി അറിയിച്ചു. അതിനാൽ കെൽട്രോൺ ക്രിസ്റ്റൽസ് ലിമിറ്റഡ്, കെൽട്രോൺ മാഗ്നറ്റിക്സ് ലിമിറ്റഡ്, കെൽട്രോൺ റെസിസ്റ്റേഴ്സ് ലിമിറ്റഡ് എന്നീ മൂന്ന് കമ്പനികളും Keltron Component Complex Ltd. എന്ന സ്ഥാപനത്തിൽ ലയിപ്പിക്കുക യായിരുന്നോ എന്നതും തുടർന്നുള്ള റിപ്പോർട്ടുകൾ Keltron Components Complex എന്ന സ്ഥാപനം മുഖേനയാണ് സമർപ്പിക്കുന്നതെന്നും അറിയിക്കാതിരുന്നത് ഭരണ വകുപ്പിന്റെ വീഴ്ചയായി സമിതി വിലയിരുത്തുന്നു.

## 9. കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ്

31. സ്ഥാപനത്തിന്റെ 2015-16 വരെയുള്ള വർഷത്തെ ഓഡിറ്റിംഗ് പൂർത്തിയാക്കി റിപ്പോർട്ടിന്റെ 150 പകർപ്പുകൾ ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ടെന്നും 2016-17 വർഷത്തെ ഓഡിറ്റിംഗ് 25-12-2017-നുള്ളിൽ പൂർത്തിയാക്കുമെന്നും 26-1-2018-നുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാമെന്നും കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് മാനേജിംഗ് ഡയറക്ടർ തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചു. എന്നാൽ 29-11-2017 വരെ സ്ഥാപനത്തിന്റെ 2013-14 വരെയുള്ള റിപ്പോർട്ടുകൾ മാത്രമേ സഭയിൽ സമർപ്പിക്കുന്നതിനായി വകുപ്പിൽ നിന്നും ലഭ്യമാക്കിയിരുന്നുള്ളൂ. സ്ഥാപനത്തിൽ നിന്നും സഭയിൽ സമർപ്പിക്കുന്നതിനായി വകുപ്പിന് കൈമാറുന്ന റിപ്പോർട്ടുകൾ നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കുന്നതിന് ഇത്രയും കാലതാമസം വരുത്തുന്നത് വകുപ്പിന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയായി സമിതി വിലയിരുത്തുന്നു.

32. തെളിവെടുപ്പ് യോഗത്തിനു ശേഷം കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡിന്റെ 2014-15-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിനായി 19-1-2018-ൽ ലഭ്യമാക്കുകയും 30-1-2018-ൽ സഭയുടെ മേശപ്പുറത്തു

വസ്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിനൊപ്പം ലഭിച്ച കാലതാമസപത്രിക പരിശോധിച്ചതിൽ റിപ്പോർട്ട് വകുപ്പിന് ലഭിച്ച് നാലു മാസം കഴിഞ്ഞതിനു ശേഷമാണ് നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കിയിട്ടുള്ളതെന്ന് സമിതി കണ്ടെത്തി. ഇത്തരം കാലതാമസം ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ വ്യവസായ വകുപ്പ് സെക്രട്ടറി തലത്തിൽ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. വകുപ്പിൽ നൽകിയ 2015-16-ലെ റിപ്പോർട്ട് നാളിതുവരെ നിയമസഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കിയിട്ടില്ല. കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡിന്റെ കുടിശ്ശികയുള്ള റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കണമെന്നും മേലിൽ ഇത്തരം കാലതാമസം വരുത്തരുതെന്നും സമിതി നിർദ്ദേശിക്കുന്നു.

## 10. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്

33. സ്ഥാപനത്തിന്റെ 2009-10 വരെയുള്ള റിപ്പോർട്ടുകൾ മാത്രമേ സഭയിൽ സമർപ്പിച്ചിട്ടുള്ളൂ. സ്ഥാപനത്തിന്റെ 2010-11 വരെയുള്ള ഓഡിറ്റ് പൂർത്തിയായിട്ടുണ്ടെന്നും സോഫ്റ്റ്‌വെയർ മാറ്റം വരുത്തേണ്ടി വന്നതിനാലാണ് കാലതാമസമുണ്ടായതെന്നും മാനേജിംഗ് ഡയറക്ടർ 29-11-2017 -ലെ യോഗത്തിൽ അറിയിച്ചു. സോഫ്റ്റ്‌വെയർ മാറ്റുവാൻ സാധിക്കാത്തതുമൂലമാണ് റിപ്പോർട്ടുകൾ സമർപ്പിക്കാൻ സാധിക്കാഞ്ഞത് എന്ന് പറയുന്നത് ഒട്ടും നീതികരിക്കാനാവില്ലെന്ന് സമിതി വിലയിരുത്തുന്നു. 2011-12 വരെയുള്ള വർഷത്തെ ഓഡിറ്റിംഗ് പൂർത്തിയാക്കിയിരുന്നുവെന്നും 2016-17 വരെയുള്ള അക്കൗണ്ട്സ് കമ്പനി ഫൈനലൈസ് ചെയ്തിട്ടുണ്ടെന്നും എം.ഡി. അറിയിച്ചു. 2010-11, 2011-12 വർഷത്തെ ഓഡിറ്റ് വർക്ക് ചെയ്തത് ധൻ & കമ്പനിയാണെന്നും ഈ രണ്ട് വർഷത്തെ ഓഡിറ്റ് പൂർത്തിയാക്കുവാൻ 6 വർഷം സമയമെടുത്തുവെന്നും ഓഡിറ്റ് വർക്ക് വേഗത്തിൽ പൂർത്തിയാക്കുന്നതിന് സി&എ.ജി. യുടെ ഡൽഹി ഓഫീസിലേക്ക് കത്തയച്ചതിനെ തുടർന്ന് ആയത് വേഗത്തിൽ പൂർത്തീകരിക്കണമെന്ന് സി&എ.ജി. ഓഫീസിൽ നിന്നും ധൻ & കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും 2012-13, 2013-14 വർഷങ്ങളിലെ ഓഡിറ്റ് നടത്തേണ്ടതും ഇതേ കമ്പനി തന്നെയാണെന്നും ഓഡിറ്റ് വേഗത്തിൽ പൂർത്തീകരിക്കുന്നതിനായി ഓഡിറ്റർമാർ ഇപ്പോൾ സ്ഥലത്ത് തന്നെയുണ്ടെന്നും അതു കഴിഞ്ഞാലുടൻ അടുത്ത രണ്ട് വർഷത്തെ ഓഡിറ്റിംഗ് ശങ്കർ & മൂർത്തിക്കാണ് നൽകിയിരിക്കുന്നതെന്നും അവർ ആയത് വേഗത്തിൽ പൂർത്തീകരിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ടെന്നും അത് കഴിഞ്ഞാലുടൻ ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കാമെന്നും മാനേജിംഗ് ഡയറക്ടർ 29-11-2017 -ലെ യോഗത്തിൽ അറിയിച്ചിരുന്നു.

34. ഓഡിറ്റിംഗ് നടത്താൻ ഒരു കമ്പനി മാത്രമല്ല ഉള്ളതെന്നും രണ്ട് വർഷത്തെ ഓഡിറ്റിംഗ് പൂർത്തിയാക്കാൻ 6 വർഷം സമയമെടുത്ത കമ്പനിക്ക് തന്നെ അടുത്ത രണ്ട് വർഷത്തെ ഓഡിറ്റ് കൂടി നൽകിയെന്നു പറയുന്നത് ഗുരുതരമായ വീഴ്ചയാണെന്ന് സമിതി

വിലയിരുത്തി. എന്നാൽ ഓഡിറ്റർമാരെ നിയമിക്കുന്നത് കമ്പനിയല്ലെന്നും അക്കൗണ്ടന്റ് ജനറലാണെന്നും പ്രസ്തുത വിഷയം ഡൽഹി ഓഫീസിൽ നേരിട്ട് പോയി ധരിപ്പിച്ചപ്പോൾ സി&എ.ജി. ഓഫീസിൽ ഓഡിറ്റർമാരെ വിളിപ്പിച്ച് ഓഡിറ്റിംഗ് ദ്രുതഗതിയിലാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട് ലിമിറ്റഡ് എം.ഡി. തെളിവെടുപ്പ് വേളയിൽ മറുപടി നൽകി. 2009-10 വരെയുള്ള റിപ്പോർട്ടുകൾ മാത്രമേ സമിതിയ്ക്ക് ലഭിച്ചിട്ടുള്ളുവെന്നറിയിച്ചപ്പോൾ 2010-11 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ സമർപ്പിക്കാമെന്നും റിപ്പോർട്ടിന്റെ പ്രിന്റിംഗ് നടന്നു കൊണ്ടിരിക്കുകയാണെന്നും 29-11-2017-ലെ യോഗത്തിൽ എം.ഡി. അറിയിച്ചിരുന്നു.

35. എന്നാൽ തെളിവെടുപ്പ് യോഗത്തിനു ശേഷം 2010-11 മുതലുള്ള ഒരു റിപ്പോർട്ടു പോലും നാളിതുവരെ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കിയിട്ടില്ല. 2010-11-ലെ റിപ്പോർട്ടിന്റെ പ്രിന്റിംഗ് പോലും നാളിതുവരെ പൂർത്തീകരിക്കാൻ സാധിക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

36. 2010-11 മുതലുള്ള ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട് ലിമിറ്റഡിന്റെ കുടിശ്ശിക റിപ്പോർട്ടുകൾ അടിയന്തരമായി സമർപ്പിക്കുന്നതിനായി ഒരു സമയപ്പട്ടിക തയ്യാറാക്കി സമിതി മുമ്പാകെ സമർപ്പിക്കണമെന്നും അതുപ്രകാരം റിപ്പോർട്ട് സമർപ്പിക്കപ്പെടുന്നുണ്ടെന്ന് ഭരണ വകുപ്പ് ഉന്നതതലത്തിൽ ഉറപ്പു വരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

37. സമിതിയിൽ നിന്നും അധികവിവരവും മറ്റും ആവശ്യപ്പെട്ടുകൊണ്ട് നിരവധി തവണ കത്തുകളയച്ചിട്ടും മേൽ പരാമർശിച്ച കാര്യങ്ങളൊന്നും തന്നെ സമിതിയെ അറിയിച്ചില്ലെന്ന അനാസ്ഥ വകുപ്പിന്റെ ഭാഗത്തു നിന്നുണ്ടാകുന്നതായി വിലയിരുത്തിയ സമിതി ഉത്തരവാദിത്തപ്പെട്ട വിഷയത്തിൽ നിയമസഭാ സമിതി ആരായുന്ന കാര്യങ്ങൾക്ക് മറുപടി നൽകുന്നതിന് എന്തെങ്കിലും ഔദ്യോഗിക തടസങ്ങളോ മറ്റ് ബുദ്ധിമുട്ടുകളോ ഉണ്ടെങ്കിൽ അക്കാര്യം സമിതിയെ അറിയിക്കണമെന്നും ഇതുവരെയുള്ള അധികവിവര സ്റ്റേറ്റുമെന്റുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് സെക്രട്ടറി തലത്തിൽ പരിശോധന നടത്തി വിശദമായ റിപ്പോർട്ടും നല്കണമെന്ന് നിർദ്ദേശിക്കുന്നു.

## 11. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ്

38. സ്ഥാപനത്തിന്റെ 2010-11 വരെയുള്ള റിപ്പോർട്ടുകൾ മാത്രമേ സഭയിൽ സമർപ്പിച്ചിട്ടുള്ളൂ. സ്ഥാപനത്തിന്റെ 2011-12, 2012-13 വർഷങ്ങളിലെ വാർഷിക റിപ്പോർട്ട് പൂർത്തീകരിച്ച് വകുപ്പിൽ നൽകിയിട്ടുണ്ടെന്നും സ്ഥാപനത്തിന് ഒരു ഫുൾടൈം ഫിനാൻസ് ഓഫീസർ ഇല്ലാതിരുന്നതുമൂലമാണ് വാർഷിക റിപ്പോർട്ട് പൂർത്തീകരിച്ചതിനു ശേഷവും ആയത് സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടായതെന്നും 2013-14, 2014-15 വർഷങ്ങളിലെ ഓഡിറ്റ് പൂർത്തിയായെങ്കിലും റിപ്പോർട്ട് പ്രിന്റ് ചെയ്തിട്ടില്ലായെന്നും അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും 2015 വരെയുള്ള റിപ്പോർട്ടുകൾ ഡിസംബർ

മാസം തന്നെ സമർപ്പിക്കാമെന്നും 2015-16-ലെ ഓഡിറ്റ് പൂർത്തീകരിച്ച റിപ്പോർട്ട് ബോർഡ് അംഗീകരിച്ചതിനുശേഷം 2018 മാർച്ച് മാസത്തിനുള്ളിൽ തന്നെ സമർപ്പിക്കാമെന്നും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ 29-11-2017-ലെ യോഗത്തിൽ ഉറപ്പ് നൽകിയിരുന്നു.

39. 2011-12, 2012-13 എന്നീ വർഷങ്ങളിലെ റിപ്പോർട്ട് വകുപ്പിൽ നൽകിയിട്ടും നാളിതുവരെ നിയമസഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ വ്യവസായ വകുപ്പിൽ നൽകുന്ന റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കുന്നതിൽ വളരെയേറെ കാലതാമസം വരുത്തുന്നതിന്റെ കാരണം അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ 2011-12 മുതലുള്ള റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കുന്നതിനായി സമയപട്ടിക തയ്യാറാക്കി റിപ്പോർട്ട് സമർപ്പണത്തിൽ കൃത്യത ഉറപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## 12. കേരള ഇൻഡസ്ട്രിയൽ പ്രൊമോഷൻ ബ്യൂറോ

40. സ്ഥാപനത്തിന്റെ 2010-11 വരെയുള്ള റിപ്പോർട്ടുകൾ മാത്രമേ സഭയിൽ സമർപ്പിച്ചിട്ടുള്ളുവെന്ന് 29-11-2017-ലെ യോഗത്തിൽ സമിതി ചൂണ്ടികാട്ടിയപ്പോൾ സ്ഥാപനത്തിന്റെ റിപ്പോർട്ടുകൾ അപ്ഡേറ്റാണെന്നും കേരള ഇൻഡസ്ട്രിയൽ പ്രൊമോഷൻ ബ്യൂറോ എന്നത് ഒരു കമ്പനിയല്ലെന്നും ഒരു ഓട്ടോണമസ് സൊസൈറ്റിയാണെന്നും അതിനാലാണ് റിപ്പോർട്ടുകൾ സമർപ്പിക്കാതിരുന്നതെന്നും വ്യവസായ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചിരുന്നു. 29-11-2017-ലെ യോഗത്തിൽ വ്യവസായ വകുപ്പ് സെക്രട്ടറി അറിയിച്ചതനുസരിച്ച് സ്ഥാപനത്തിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് സമിതി നിർദ്ദേശിച്ചു.

## 13. കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് (സിഡ്കോ)

41. സ്ഥാപനത്തിന്റെ 2011-12 വരെയുള്ള റിപ്പോർട്ടുകൾ മാത്രമേ സഭയിൽ സമർപ്പിച്ചിട്ടുള്ളു. 2012-13 വർഷത്തെ അക്കൗണ്ട്സ് പൂർത്തിയാക്കി പ്രിന്റിംഗ് ജോലി പൂർത്തീകരിക്കാൻ ധൻ & കമ്പനി 4 വർഷത്തെ സമയമെടുത്തതാണ് റിപ്പോർട്ട് സമർപ്പിക്കാൻ കാലതാമസം ഉണ്ടാകാനുള്ള പ്രധാന കാരണമെന്നും 2014-15, 2015-16 വർഷങ്ങളിലെ ഓഡിറ്റിംഗ് നടക്കുകയാണെന്നും ആയത് പൂർത്തിയാകുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണെന്നും സിഡ്കോ മാനേജിംഗ് ഡയറക്ടർ 29-11-2017-ലെ തെളിവെടുപ്പ് യോഗത്തിൽ അറിയിച്ചിരുന്നു.

42. പ്രസ്തുത വിവരങ്ങൾ ഒന്നും സമിതിയെ അറിയിക്കാതിരുന്നതെന്താണെന്നും അതിൽ വരുന്ന ഡിലേക്ക് കോർപ്പറേഷൻ മാത്രമാണ് ഉത്തരവാദിയാകുന്നതെന്നും കോർപ്പറേഷനിലെ സാഹചര്യം എന്താണെന്ന് അറിയിച്ചാൽ മാത്രമേ സമിതിക്ക്

അക്കാര്യം ചർച്ച ചെയ്ത് ആവശ്യമെങ്കിൽ ഫയൽ നടപടികൾ അവസാനിപ്പിക്കുകയോ അല്ലെങ്കിൽ മറ്റ് നടപടികൾ സ്വീകരിക്കുവാനോ സാധിക്കുകയുള്ളുവെന്നും നിയമസഭാ സമിതിക്ക് മറുപടി നൽകാതിരിക്കുന്നത് ഗുരുതരമായ അനാസ്ഥയായി കണക്കാക്കേണ്ടി വരുമെന്നും സമിതി അറിയിച്ചു .

43. ഓഡിറ്റിംഗ് ഏൽപ്പിച്ച കമ്പനി റിപ്പോർട്ട് നൽകിയില്ലെന്ന കാരണത്താൽ 4-5 വർഷം വീഴ്ച വരുത്തുന്നത് ശരിയല്ലെന്നും അതാത് എം.ഡി.-മാർ കൃത്യസമയത്ത് ഇക്കാര്യം പരിശോധിക്കേണ്ടതാണെന്നും പ്രസ്തുത യോഗത്തിൽ വ്യവസായ വകുപ്പ് സെക്രട്ടറി അഭിപ്രായപ്പെട്ടു. ഓഡിറ്ററുടെ വീഴ്ച പറഞ്ഞ് രക്ഷപ്പെടാൻ ശ്രമിക്കുന്നത് ശരിയല്ലെന്നും സമിതി മുമ്പാകെ വന്ന് ഓഡിറ്റർമാരെ കുറ്റം പറയുമ്പോൾ അവരുമായി അഡ്ജസ്റ്റ് ചെയ്യുകയാണോയെന്ന് സമിതി സംശയിക്കുന്നതായും അത്തരം കമ്പനികളെ പരിശോധി ക്കേണ്ടതായി വരുമെന്നും സെക്രട്ടറിയുടെ മീറ്റിംഗിൽ എം.ഡി.-യും ഓഡിറ്റർമാരും തമ്മിൽ സംസാരിച്ചപ്പോൾ പ്രശ്നമൊന്നുമുണ്ടായിരുന്നില്ലെന്ന് സെക്രട്ടറി പറഞ്ഞതനുസരിച്ചാണെങ്കിൽ ഓരോ എം.ഡി.-മാരുടെയും ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ച സംഭവിക്കുന്നതായി കാണേണ്ടി വരുമെന്നും തെളിവെടുപ്പ യോഗത്തിൽ സമിതി അഭിപ്രായപ്പെട്ടു സ്ഥാപനങ്ങൾ റിപ്പോർട്ടുകൾ കൃത്യമായി സമർപ്പിക്കുന്നതിൽ വ്യക്തിപരമായ ശ്രദ്ധ പതിപ്പിക്കണമെന്ന് വ്യവസായ വകുപ്പ് സെക്രട്ടറിയോട് സമിതി ആവശ്യപ്പെട്ടതിന് ആയത് നടപ്പിലാക്കാമെന്ന് സെക്രട്ടറി ഉറപ്പു നൽകുകയും ചെയ്തു.

44. കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷന്റെ (സിഡ്കോ) 2012-13 മുതൽ കുടിശ്ശികയുള്ള റിപ്പോർട്ടുകൾ സമയബന്ധിതമായി സമർപ്പിക്കാമെന്നറിയിച്ചുവെങ്കിലും നാളിതുവരെ റിപ്പോർട്ടുകൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ റിപ്പോർട്ട് സമർപ്പണത്തിനുണ്ടായ കാലതാമസം സംബന്ധിച്ച് വ്യവസായ വകുപ്പ് സെക്രട്ടറി ഒരു വിശദമായ റിപ്പോർട്ട് സമിതി മുമ്പാകെ ഹാജരാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## 14. കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

45. കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2011-12 വരെയുള്ള റിപ്പോർട്ടുകൾ മാത്രമേ സഭയിൽ സമർപ്പിച്ചിട്ടുള്ളൂ. 2012-13-ലെ റിപ്പോർട്ട് പ്രിന്റ് ചെയ്ത് ഒരാഴ്ച്ചയ്ക്കുള്ളിൽ സമർപ്പിക്കാമെന്നും 2013-14 വർഷത്തെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തിയായിട്ടുള്ളതായി ഓഡിറ്റർമാർ അറിയിച്ചിട്ടുണ്ടെന്നും 2014-15 മുതലുള്ള മൂന്ന് വർഷത്തെ റിപ്പോർട്ട് കുടിശ്ശികയാണെന്നും മാനേജിംഗ് ഡയറക്ടർ 29-11-2017-ലെ യോഗത്തിൽ അറിയിച്ചിരുന്നു. കുടിശ്ശിക റിപ്പോർട്ടുകൾ എപ്പോൾ സമർപ്പിക്കാൻ കഴിയും എന്ന് സമിതി ആരാഞ്ഞതിന് 2018 ഡിസംബർ മാസത്തിനുള്ളിൽ ഓഡിറ്റ് പൂർത്തിയാക്കാമെന്നാണ് ഓഡിറ്റർമാർ അറിയിച്ചിരിക്കുന്നതെന്നും പ്രിന്റിംഗിന് പോയ റിപ്പോർട്ടുകൾ ഒരാഴ്ച്ചയ്ക്കുള്ളിൽ സമർപ്പിക്കാമെന്നും മാനേജിംഗ് ഡയറക്ടർ ഉറപ്പ് നൽകിയിരുന്നു.

46. ആയതിനാൽ കേരള സ്റ്റേറ്റ് കാഷ്യു ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ കുടിശ്ശിക റിപ്പോർട്ടുകൾ സമയബന്ധിതമായി സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## 15. ഫോറസ്റ്റ് ഇൻഡസ്ട്രീസ്(ട്രാവൻകൂർ) ലിമിറ്റഡ്

47. സ്ഥാപനത്തിന്റെ 2011-12 വരെയുള്ള റിപ്പോർട്ടുകൾ മാത്രമേ സഭയിൽ സമർപ്പിച്ചിട്ടുള്ളൂ. 2012-13 ലെ റിപ്പോർട്ട് ആന്വൽ ജനറൽ മീററിംഗ് അംഗീകരിച്ചാലുടനെ സമർപ്പിക്കാമെന്നും 2013-14 വർഷത്തെ ഓഡിറ്റ് പൂർത്തിയായിട്ടുണ്ടെന്നും ജനുവരിയിൽ സമർപ്പിക്കാമെന്നും 2014-15, 2015-16, 2016-17 വർഷങ്ങളിലെ ഓഡിറ്റ് കുടിശ്ശികയാണെന്നും ആയത് 2018 ജൂലൈ മാസത്തിനുള്ളിൽ പൂർത്തിയാക്കാൻ സാധിക്കുമെന്നും ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് സീനിയർ മാനേജർ തെളിവെടുപ്പ് യോഗത്തിൽ സമിതിയെ അറിയിച്ചിരുന്നു.

48. ഫോറസ്റ്റ് ഇൻഡസ്ട്രീസ്(ട്രാവൻകൂർ) ലിമിറ്റഡിന്റെ 2013-14 -ലെ റിപ്പോർട്ട് ജനുവരിയിൽ ലഭ്യമാക്കാമെന്നറിയിച്ചിട്ടും നാളിതുവരെ ലഭ്യമാക്കാത്തതിൽ സമിതി അസംതൃപ്തി രേഖപ്പെടുത്തുന്നു. സ്ഥാപനത്തിന്റെ കുടിശ്ശിക റിപ്പോർട്ടുകൾ അടിയന്തരമായി സമർപ്പിച്ച് റിപ്പോർട്ട് സമർപ്പണം കൃത്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## 16. കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ്

49. കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡിന്റെ 2011-12 വരെയുള്ള റിപ്പോർട്ടുകൾ മാത്രമേ സഭയിൽ സമർപ്പിച്ചിട്ടുള്ളൂ. 2012-13 വർഷത്തെ ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ട് പ്രിന്റിംഗിന് നൽകിയിരിക്കുകയാണെന്നും 2013-14 വർഷത്തെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ടെന്നും പ്രസ്തുത റിപ്പോർട്ട് 2018 മാർച്ച് മാസത്തിനുള്ളിൽ സമർപ്പിക്കാൻ കഴിയുമെന്നും 2015-16, 2016-17 വർഷങ്ങളിലെ ഓഡിറ്റിംഗ് നടന്നുകൊണ്ടിരിക്കുകയാണെന്നും ഫിനാൻസ് മാനേജർ ഇല്ലാത്തതുമൂലമാണ് കാലതാമസം ഉണ്ടായതെന്നും പുറത്തു നിന്നൊരു ഏജൻസിയെ ഇപ്പോൾ നിയമിച്ചിട്ടുണ്ടെന്നും 2018 ജൂൺ മാസത്തോടുകൂടി 2016-17 വരെയുള്ള മുഴുവൻ റിപ്പോർട്ടുകളും സമർപ്പിക്കാൻ കഴിയുമെന്നും മാനേജിംഗ് ഡയറക്ടർ അറിയിച്ചിരുന്നു.

50. കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡിന്റെ 2012-13-ലെ റിപ്പോർട്ട് മാത്രമേ സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കിയിട്ടുള്ളൂ. സ്ഥാപനത്തിന്റെ 2013-14 മുതലുള്ള റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## 17.കേരള സ്റ്റേറ്റ് പാമിറ പ്രോഡക്ട്സ് ഡെവലപ്മെന്റ് & വർക്കേഴ്സ് വെൽഫെയർ കോർപ്പറേഷൻ (കെൽപാം)

51. കെൽപാമിന്റെ 2011-12 വരെയുള്ള റിപ്പോർട്ടുകൾ മാത്രമേ സഭയിൽ സമർപ്പിച്ചിട്ടുള്ളൂ. 2012-13, 2013-14 വർഷങ്ങളിലെ റിപ്പോർട്ടുകൾ ഡിസംബറിലും ജനുവരിയിലുമായി എ. ജി. എം. ചേർന്നാലുടൻ സമർപ്പിക്കുന്നതാണെന്നും 2014-15-ലെ ഓഡിറ്റിംഗ് പൂർത്തിയായിട്ടുണ്ടെന്നും ഓഡിറ്റ് റിപ്പോർട്ട് 2018 ഫെബ്രുവരിക്കുള്ളിൽ സമർപ്പിക്കാമെന്നും കെൽപാം മാനേജിംഗ് ഡയറക്ടർ 29-11-2017-ലെ യോഗത്തിൽ അറിയിച്ചിരുന്നു. 2015-16, 2016-17 വർഷങ്ങളിലെ ഓഡിറ്റ് പരിശോധന ആരംഭിക്കുന്നതേയുള്ളുവെന്നും സ്ഥാപനത്തിൽ ജീവനക്കാരുടെ കുറവുണ്ടെന്നും എം. ഡി.-യെ കൂടാതെ സി. എ. മാത്രമേയുള്ളുവെന്നും അതിനാലാണ് ഓഡിറ്റിംഗ് വൈകിയതെന്നും പ്രസ്തുത യോഗത്തിൽ എം. ഡി. അറിയിച്ചു.

52. <u>ജീവനക്കാരില്ലെന്ന കാരണത്താൽ ഓഡിറ്റിംഗ് വൈകിക്കുന്നത് നീതീകരിക്കാനാവില്ലെന്നും കെൽപാമിന്റെ 2012-13 മുതലുള്ള റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

## 18. കേരള കയർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്

53. കേരള കയർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിന്റെ 2012-13 വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ട്.

54. കേരള കയർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിന്റെ 2014-15 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ വകുപ്പിൽ നൽകിയിട്ടുണ്ടെന്നും 2015-16-ലെ ഓഡിറ്റ് പൂർത്തിയായിട്ടുള്ളതായും ഡിസംബർ മാസത്തോടുകൂടി സമർപ്പിക്കാൻ സാധിക്കുമെന്നും 29-11-2017-ലെ യോഗത്തിൽ സി. ഇ. ഒ. അറിയിച്ചു. 2016-17-ലെ ഓഡിറ്റിംഗിനായി ഓഡിറ്റേഴ്സിനെ നിയമിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് നല്കിയിട്ടുണ്ടെന്നും ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചാലുടൻ ഓഡിറ്റ് പൂർത്തിയാക്കി മാർച്ച് മാസത്തോടുകൂടി സമർപ്പിക്കാൻ കഴിയുമെന്നും പ്രസ്തുത യോഗത്തിൽ സി. ഇ. ഒ. അറിയിച്ചു.

55. കേരള കയർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിന്റെ 2013-14, 2014-15 എന്നീ വർഷങ്ങളിലെ റിപ്പോർട്ടുകൾ വകുപ്പിന് നൽകിയിട്ടും നാളിതുവരെ നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കിയിട്ടില്ല. <u>വ്യവസായ വകുപ്പിന് നൽകിയ റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തുവയ്ക്കാൻ ലഭ്യമാക്കാത്തത് വകുപ്പ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള അനാസ്ഥയാണെന്നും ഇത്തരം വീഴ്ച ആവർത്തിക്കാതിരിക്കാൻ വകുപ്പുസെക്രട്ടറി നിർദ്ദേശം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

56. <u>2013-14 മുതലുള്ള റിപ്പോർട്ടുകൾ തെളിവെടുപ്പ് യോഗത്തിൽ അറിയിച്ചതുപ്രകാരം അടിയന്തരമായി സഭയിൽ സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## 19. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്

57. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ 2013-14 വരെയുള്ള റിപ്പോർട്ടുകൾ മാത്രമേ സഭയിൽ സമർപ്പിച്ചിട്ടുള്ളൂ. 2014-15-ലെ റിപ്പോർട്ട് സി&എ.ജി.ക്ക് സമർപ്പിച്ചിട്ടുണ്ടെന്നും 2015-16, 2016-17 എന്നീ സാമ്പത്തിക വർഷങ്ങളിലെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിനായി സി&എ.ജി. നിയമിച്ച M/s ഐസക് & ഉണ്ണിത്താൻ എന്ന സ്ഥാപനം ഒരു ഓഡിറ്റ് പങ്കാളിയുടെ നിര്യാണത്തോടെ പിരിച്ചുവിടപ്പെടുകയും പിന്നീട് 16-10-17-ൽ പുതിയ ഓഡിറ്റർമാരെ സി&എ.ജി. നിയമിക്കുകയും ചെയ്തിട്ടുണ്ട്. 2015-16-ലെ ഓഡിറ്റ് റിപ്പോർട്ട് 28-2-2018-നും 2016-2017-ലെ റിപ്പോർട്ട് 30-6-2018-നും സമർപ്പിക്കാൻ കഴിയുമെന്നും എം.ഡി. തെളിവെടുപ്പ് യോഗത്തിൽ അറിയിച്ചു.

58. <u>യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ 2014-15, 2015-16, 2016-17 എന്നീ വർഷങ്ങളിലെ റിപ്പോർട്ടുകൾ നടപടിക്രമങ്ങൾ പൂർത്തിയാക്കി അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## 20. കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്

59. കേരളാ ഓട്ടോമൊബൈൽസ് ലിമിറ്റഡിന്റെ 2012-13 വരെയുള്ള റിപ്പോർട്ടുകൾ മാത്രമേ സഭയിൽ സമർപ്പിച്ചിട്ടുള്ളൂ. 2013-14 സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് 20-11-2017-ൽ പൂർത്തിയാക്കി റിപ്പോർട്ട് സി&എ.ജി.ക്ക് അയച്ചുകൊടുത്തിട്ടുണ്ടെന്നും ആയത് ജനുവരി മാസത്തിൽ സമർപ്പിക്കാമെന്നും 2014-15-ലെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് 31-1-2018-ലും 2015-16, 2016-17 വർഷങ്ങളിലെ ഓഡിറ്റ് പരിശോധന 31-7-2018-ലും തീർത്തുതരാമെന്ന് ഓഡിറ്റർമാർ അറിയിച്ചിട്ടുള്ളതായും എം.ഡി 29-11-2017-ലെ യോഗത്തിൽ അറിയിക്കുകയുണ്ടായി.

60. 20-11-2017-ൽ പൂർത്തിയാക്കിയ 2013-14 വർഷത്തെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് റിപ്പോർട്ട് ജനുവരിയിൽ ലഭ്യമാക്കാമെന്നറിയിച്ചിട്ടും നാളിതുവരെ സഭയുടെ മേശപ്പുറത്തു വയ്ക്കുവാനായി ലഭ്യമാക്കിയിട്ടില്ല. <u>ഇതു സംബന്ധിച്ചിട്ടുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി 2013-14, 2014-15, 2015-16, 2016-17 വർഷങ്ങളിലെ ഓഡിറ്റ് അടിയന്തരമായി പൂർത്തീകരിച്ച് റിപ്പോർട്ടുകൾ സമയബന്ധിതമായി സഭയിൽ സമർപ്പിച്ച് റിപ്പോർട്ട് സമർപ്പണത്തിൽ കൃത്യത കൈവരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## 21. കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

61. കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2012-13 വരെയുള്ള റിപ്പോർട്ടുകൾ മാത്രമേ സഭയിൽ സമർപ്പിച്ചിട്ടുള്ളൂ. 2013-14-ലെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ട് ജനുവരി ആദ്യവാരംതന്നെ സമർപ്പിക്കാമെന്നും

2014-15, 2015-16, 2016-17 വർഷത്തെ ഓഡിറ്റിംഗ് ഒന്നിച്ചാണ് നടക്കുന്നതെന്നും പ്രസ്തുത റിപ്പോർട്ടുകൾ ഏപ്രിൽ-ജൂൺ മാസത്തിനുള്ളിൽ തന്നെ സമർപ്പിക്കുന്നതാണെന്നും കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ ഉദ്യോഗസ്ഥൻ 29-11-2017-ലെ തെളിവെടുപ്പ് യോഗത്തിൽ അറിയിച്ചിരുന്നു. തെളിവെടുപ്പ് യോഗത്തിൽ അറിയിച്ചുപ്രകാരം സ്ഥാപനം റിപ്പോർട്ടുകൾ തയ്യാറാക്കിയാൽ ഭാവിയിൽ കുടിശ്ശിക വരുന്നത് ഒഴിവാക്കാമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 2013-14 മുതൽ 2016-17 വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## 22. കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്

62. സ്ഥാപനത്തിന്റെ 2012-13 വരെയുള്ള റിപ്പോർട്ടുകൾ മാത്രമേ സഭയിൽ സമർപ്പിച്ചിട്ടുള്ളൂ. 2013-14-ലെ റിപ്പോർട്ട് പ്രിന്റ് ചെയ്ത് 16-10-2017-ൽ വകുപ്പിൽ നൽകിയിട്ടുണ്ടെന്നും 2014-15-ന്റെ അക്കൗണ്ട്സ് സി & എ.ജി. പൂർത്തീകരിച്ചിട്ടുണ്ടെന്നും അതിന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് സമർപ്പിക്കാമെന്നും 2015-16, 2016-17 എന്നീ വർഷങ്ങളിലെ അക്കൗണ്ട്സ് ഇപ്പോൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്നും ഒരു മാസത്തിനകം പൂർത്തീകരിച്ച് ബോർഡിന്റെ അംഗീകാരത്തോടെ എ.ജി.യ്ക്ക് സമർപ്പിക്കുന്നതാണെന്നും ലെയ്സൺ ഓഫീസർ തെളിവെടുപ്പ് യോഗത്തിൽ അറിയിച്ചിരുന്നു.

63. കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന്റെ 2014-15 മുതൽ 2016-17 വരെയുള്ള റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## 23. ഫോം മാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡ്

64. ഫോം മാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡ് 2013-14 വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ടെന്നും 2014-15-ലെ റിപ്പോർട്ട് പെന്റിംഗിലാണെന്നും ആന്വൽ ജനറൽ മീറ്റിംഗ് ചേർന്നതിനുശേഷം ജനുവരി 15-ാം തീയതിക്കുള്ളിൽ സമർപ്പിക്കാമെന്നും 2015-16-ലെ റിപ്പോർട്ട് ഗവൺമെന്റിലേക്ക് കമന്റ്സിനായി അയച്ചിരിക്കുകയാണെന്നും ആയത് ഫെബ്രുവരിയിൽ സമർപ്പിക്കാമെന്നും മാനേജിംഗ് ഡയറക്ടർ 29-11-2017-ലെ യോഗത്തിൽ അറിയിച്ചു. ഫോം മാറ്റിംഗ്സിന്റെ 2011-12, 2012-13 വർഷങ്ങളിലെ റിപ്പോർട്ടുകൾ നൽകാതെയാണ് 2013-14-ലെ റിപ്പോർട്ട് സമർപ്പിച്ചതെന്ന് സമിതി അറിയിച്ചപ്പോൾ ടി വർഷങ്ങളിലെ റിപ്പോർട്ട് അംഗീകരിച്ച് ലഭിച്ചതേയുള്ളുവെന്നും ഉടൻ സമർപ്പിക്കാമെന്നും എം.ഡി. പ്രസ്തുത യോഗത്തിൽ അറിയിച്ചിരുന്നു.

65. തെളിവെടുപ്പ് യോഗത്തിൽ അറിയിച്ചുപ്രകാരം ഫോം മാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡിന്റെ 2011-12, 2012-13 വർഷങ്ങളിലെ കുടിശ്ശികയുള്ള റിപ്പോർട്ടുകൾ സഭയിൽ

സമർപ്പിക്കുന്നതിനായി ലഭ്യമാക്കുകയും 30-1-2018-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

66. ഫോം മാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡിന്റെ 2014-15 മുതൽ 2016-17 വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**24. ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്**

67. സ്ഥാപനത്തിന്റെ 2014-15 വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ട്. കമ്പനിയുടെ 2015-16-ലെ റിപ്പോർട്ട് വകുപ്പിൽ സമർപ്പിച്ചിട്ടുണ്ടെന്നും 2016-17-ലേത് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് കഴിഞ്ഞ് ധനകാര്യ വകുപ്പിന്റെയും സി&എ.ജി.യുടെയും കമന്റ്സിനായി അയച്ചിരിക്കുകയാണെന്നും എ.ജി.യുടെ കമന്റ്സ് രണ്ടാഴ്ചയ്ക്കുള്ളിൽ ലഭിക്കുമെന്നും ധനകാര്യവകുപ്പിന്റെ കമന്റ്സ് കൂടി ലഭിച്ചാൽ എത്രയും വേഗം സമർപ്പിക്കാമെന്നും ട്രാക്കോ കേബിൾ കമ്പനി മാനേജിംഗ് ഡയറക്ടർ തെളിവെടുപ്പുയോഗത്തിൽ അറിയിച്ചിരുന്നു. വകുപ്പിന് നൽകിയ 2015-16-ലെ റിപ്പോർട്ട് സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുകയും 30-1-2018-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

68. ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിന്റെ 2016-17-ലെ റിപ്പോർട്ട് അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**25. ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്**

69. സ്ഥാപനത്തിന്റെ 2013-14 വരെയുള്ള റിപ്പോർട്ടുകൾ മാത്രമേ സഭയിൽ സമർപ്പിച്ചിട്ടുള്ളൂ. 2014-15-ലെ റിപ്പോർട്ട് തയ്യാറാക്കാൻ ഓഡിറ്റേഴ്സിനെ നിയമിച്ചത് 2015 ഡിസംബറിലാണെന്നും മാർച്ച് 2016-ൽ ഓഡിറ്റ് തുടങ്ങി ജൂലൈയിൽ ലഭിച്ച റിപ്പോർട്ട് സി&എ.ജി.യിൽ നൽകിയപ്പോൾ വൈരുദ്ധ്യം ഉള്ളതിനാൽ ബോർഡിൽ വയ്ക്കണമെന്നറിയിച്ച് തിരിച്ചയക്കുകയും മാനേജ്മെന്റ് മാറിയതു കാരണം 2017 മാർച്ച് മാസത്തിലാണ് ബോർഡിൽ വയ്ക്കാൻ സാധിച്ചതെന്നും അതിനുശേഷം സി & എ. ജി. യുടെയും ധനകാര്യവകുപ്പിന്റേയും കമന്റ്സിനായി അയച്ചുകൊടുക്കുകയും ചെയ്തുവെന്നും അതിനുശേഷം നവംബർ 7-ാം തീയതിയാണ് റിപ്പോർട്ട് ലഭിച്ചതെന്നും ബോർഡിലും ഓഡിറ്റ് കമ്മിറ്റിയിലും വച്ചതിനുശേഷം 2018 മാർച്ചോടുകൂടി 2014-15-ലെ റിപ്പോർട്ട് സമർപ്പിക്കാമെന്നും 2015-16-ലെ റിപ്പോർട്ട് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തിയാക്കി 2018 ജൂലൈയോടുകൂടി സമർപ്പിക്കാമെന്നും ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് ഫിനാൻസ് മാനേജർ 29-11-2017-ലെ യോഗത്തിൽ അറിയിച്ചിരുന്നു. എന്നാൽ പബ്ലിക് എന്റർപ്രൈസസ് റിവ്യൂ കമ്മിറ്റിയുടെ 2016-17-ലെ റിപ്പോർട്ട് പ്രകാരം ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ 2016-17 വരെയുള്ള സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്.

70. ആയതിനാൽ ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ 2016-17 വരെയുള്ള റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## 26. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്

71. സ്ഥാപനത്തിന്റെ 2013-14 വരെയുള്ള റിപ്പോർട്ടുകൾ മാത്രമേ സഭയിൽ സമർപ്പിച്ചിട്ടുള്ളൂ. 2014-15-ലെ റിപ്പോർട്ട് സി. & എ. ജി.-ക്ക് നൽകിയിട്ടുണ്ടെന്നും ആയത് രണ്ടാഴ്ചയ്ക്കുള്ളിൽ സമർപ്പിക്കാമെന്നും 2015-16-ലെ റിപ്പോർട്ട് 2018 ഏപ്രിൽ മാസത്തിലും 2016-17-ലേത് 2018 ജൂൺ മാസത്തിലും സമർപ്പിക്കാമെന്ന് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് ജനറൽ മാനേജർ 29-11-2017-ലെ യോഗത്തിൽ അറിയിച്ചിരുന്നു.

72. തെളിവെടുപ്പ് യോഗത്തിൽ രണ്ടാഴ്ചയ്ക്കുള്ളിൽ ലഭ്യമാക്കാമെന്ന് അറിയിച്ചിരുന്ന 2014-15-ലെ റിപ്പോർട്ട് ഇതുവരെ നിയമസഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കാത്തതിന്റെ വ്യക്തമായ കാരണവും 2014-15 മുതലുള്ള കുടിശ്ശിക റിപ്പോർട്ടുകളും അടിയന്തരമായി സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## 27. കേരള ഓട്ടോകാസ്റ്റ് ലിമിറ്റഡ്

73. സ്ഥാപനത്തിന്റെ 2014-15 വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ട്. 2015-16-ലെ റിപ്പോർട്ടിന്റെ പ്രിന്റിംഗ് നടന്നുകൊണ്ടിരിക്കുകയാണെന്നും ആയത് ഒരു മാസത്തിനകം സമർപ്പിക്കാമെന്നും 2016-17-ലെ റിപ്പോർട്ട് സി & എ. ജി. യുടേയും ധനകാര്യ വകുപ്പിന്റേയും അഭിപ്രായത്തിനായി അയച്ചിരിക്കുകയാണെന്നും ആട്ടോകാസ്റ്റ് ലിമിറ്റഡ് ഡെപ്യൂട്ടി മാനേജർ തെളിവെടുപ്പ് യോഗത്തിൽ അറിയിച്ചിരുന്നു.

74. ആട്ടോകാസ്റ്റ് ലിമിറ്റഡിന്റെ 2015-16 മുതൽ 2016-17 വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിനായി അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## 28. കരകൗശല വികസന കോർപ്പറേഷൻ ലിമിറ്റഡ്

75. കരകൗശല വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ 2014-15 വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ട്. 2015-16, 2016-17 വർഷങ്ങളിലെ റിപ്പോർട്ട് കുടിശ്ശികയുണ്ടെന്നും 2015-16-ലേത് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് കഴിഞ്ഞ് സി & എ. ജി. യുടെ കമന്റ്സിനായി അയച്ചിരിക്കുകയാണെന്നും ജനുവരി-ഫെബ്രുവരി മാസത്തോടുകൂടി സമർപ്പിക്കാമെന്നും 2016-17-ലെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് ആരംഭിച്ചിട്ടുണ്ടെന്നും എം. ഡി. 29-11-2017-ലെ യോഗത്തിൽ അറിയിച്ചു.

76. കരകൗശല വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ 2015-16 മുതലുള്ള റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## 29. കേരള സ്റ്റേറ്റ് ഹാന്റിക്രാഫ്റ്റ്സ് അപെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (സുരഭി)

77. സ്ഥാപനത്തിന്റെ 2014-15 വരെയുള്ള റിപ്പോർട്ടുകൾമാത്രമേ സഭയിൽ സമർപ്പിച്ചിട്ടുള്ളൂ. 2015-16-ലെ ഓഡിറ്റ് പൂർത്തിയാക്കിട്ടുണ്ടെന്നും 2016-17-ലെ ഓഡിറ്റ് നടന്നുകൊണ്ടിരിക്കുകയാണെന്നും 2018 ജനുവരിയോടുകൂടി സമർപ്പിക്കാമെന്നും സുരഭിയുടെ സെക്രട്ടറി 29-11-2017-ലെ യോഗത്തിൽ അറിയിച്ചു.

78. സുരഭിയുടെ 2015-16, 2016-17 വർഷങ്ങളിലെ റിപ്പോർട്ട് അടിയന്തരമായി സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## 30. സീതാറാം ടെക്സ്റ്റയിൽസ് ലിമിറ്റഡ്

79. സീതാറാം ടെക്സ്റ്റയിൽസ് ലിമിറ്റഡിന്റെ 2014-15 വരെയുള്ള റിപ്പോർട്ടുകൾ മാത്രമേ സഭയിൽ സമർപ്പിച്ചിട്ടുള്ളൂ. 2015-16 -വർഷത്തെ റിപ്പോർട്ടിന് സി & എ. ജി. യുടെ കമന്റ്സ് ലഭിച്ചിട്ടുണ്ടെന്നും ധനകാര്യ വകുപ്പിന്റെ 'കമന്റ്സിനായി അയച്ചിരിക്കുക യാണെന്നും ആയത് ലഭ്യമായാലുടൻ സമർപ്പിക്കുന്നതാണെന്നും 2016-17 -ലെ ഓഡിറ്റ് ആരംഭിച്ചിട്ടുണ്ടെന്നും അക്കൗണ്ട്സ് ഓഫീസർ 29-11-2017-ലെ യോഗത്തിൽ വ്യക്തമാക്കി.

80. സീതാറാം ടെക്സ്റ്റയിൽസ് ലിമിറ്റഡിന്റെ 2015-16, 2016-17 വർഷങ്ങളിലെ റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## 31. കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL)

81. KEL-ന്റെ 2015-16 വർഷത്തെ റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടെന്നും 2016-2017 വർഷത്തെ ഓഡിറ്റ് പൂർത്തിയായിട്ടുണ്ടെന്നും ആയത് ബോർഡിൽവച്ച് ഫെബ്രുവരി ആകുമ്പോൾ സമർപ്പിക്കാമെന്നും മാനേജിംഗ് ഡയറക്ടർ 29-11-2017-ലെ യോഗത്തിൽ അറിയിച്ചു. വകുപ്പിൽ നൽകിയ 2015-16 വർഷത്തെ റിപ്പോർട്ട് 6-12-2017-ന് സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കുകയും 30-1-2018-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. KEL-ന്റെ 2016-17-ലെ റിപ്പോർട്ട് അടിയന്തരമായി സഭയിൽ സമർപ്പിക്കുന്ന തിനായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശചെയ്യുന്നു.

### 32. മലബാർ സിമന്റ്സ് ലിമിറ്റഡ്

82. മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ 2014-15 വരെയുള്ള റിപ്പോർട്ടുകൾ മാത്രമേ സഭയിൽ സമർപ്പിച്ചിട്ടുള്ളൂ. 2015-16-ലേത് ഓഡിറ്റിംഗ് കഴിഞ്ഞ് ധനകാര്യ വകുപ്പിന്റെ കമന്റ്സിന് അയച്ചിട്ടുണ്ടെന്നും കമന്റ്സ് കിട്ടിയാലുടൻ റിപ്പോർട്ട് സമർപ്പിക്കാമെന്നും 2016-17-ലെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് നടന്നുകൊണ്ടിരിക്കയാണെന്നും അത് പൂർത്തിയായാൽ 3-4 മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാൻ സാധിക്കുമെന്നും അസിസ്റ്റന്റ് മാനേജർ 29-11-2017-ലെ യോഗത്തിൽ അറിയിച്ചു.

83. <u>മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ 2015-16, 2016-17 വർഷങ്ങളിലെ റിപ്പോർട്ടുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അടിയന്തരമായി റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കണമെന്ന് സമിതി ശിപാർശചെയ്യുന്നു.</u>

### 33. കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

84. സ്ഥാപനത്തിന്റെ 2014-15 വരെയുള്ള റിപ്പോർട്ടുകൾ മാത്രമേ സഭയിൽ സമർപ്പിച്ചിട്ടുള്ളൂ. 2015-16-ലെ റിപ്പോർട്ട് പ്രിന്റ് ചെയ്ത് അക്കൗണ്ട്സിൽ നൽകിയിട്ടുണ്ടെന്നും 2016-17 വർഷത്തെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിന് ഓഡിറ്റേഴ്സിന്റെ കമന്റ്സ് ലഭിച്ചിട്ടില്ലെന്നും ആയത് ലഭിച്ചാൽ മൂന്ന് മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാൻ സാധിക്കുമെന്നും കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ അക്കൗണ്ട്സ് ഓഫീസർ അറിയിച്ചു.

85. <u>കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ കുടിശ്ശിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

### 34. കേരള സിറാമിക്സ് ലിമിറ്റഡ്

86. കേരള സിറാമിക്സ് ലിമിറ്റഡിന്റെ 2014-15 വരെയുള്ള റിപ്പോർട്ടുകൾ മാത്രമേ സഭയിൽ സമർപ്പിച്ചിട്ടുള്ളൂ. 2015-16-ലെ ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ടെന്നും 'സി & എ. ജി'. യുടെ ഓഫീസിൽനിന്നും 5 വർഷത്തിലൊരിക്കൽ നടത്തുന്ന സപ്ലിമെന്ററി ഓഡിറ്റ് നടന്നുകൊണ്ടിരിക്കുകയാണെന്നും അത് പൂർത്തിയായാൽ രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ കഴിയുമെന്നും 2016-17-ലെ ഓഡിറ്റ് ആരംഭിച്ചിട്ടേയുള്ളൂവെന്നും 29-11-2017 ലെ യോഗത്തിൽ കേരള സിറാമിക്സ് ലിമിറ്റഡ് ഉദ്യോഗസ്ഥൻ അറിയിച്ചു.

87. <u>കേരള സിറാമിക്സ് ലിമിറ്റഡിന്റെ 2015-16 മുതലുള്ള എല്ലാ റിപ്പോർട്ടുകളും അടിയന്തരമായി സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശചെയ്യുന്നു.</u>

### 35. കേരള ഖാദി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്

88. സ്ഥാപനത്തിന്റെ 2014-15 വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ട്. ബോർഡ് കോൺസ്റ്റിറ്റ്യൂട്ട് ചെയ്യാൻ താമസിച്ചതിനാലാണ് 2015-16 -ലെ റിപ്പോർട്ട് സമർപ്പിക്കാൻ വൈകിയതെന്നും റിപ്പോർട്ടിന് 9-11-2017-ൽ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും ഈ മാസംതന്നെ പ്രിന്റ് ചെയ്ത് 2015-16-ലെ റിപ്പോർട്ട് ഉടൻ നൽകുമെന്നും 2016-17-ലെ ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ടെന്നും കേരള ഖാദി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് ഫിനാൻസ് ഓഫീസർ 29-11-2017-ലെ യോഗത്തിൽ അറിയിച്ചിരുന്നു.

89. തെളിവെടുപ്പ് യോഗത്തിൽ അറിയിച്ചതുപ്രകാരം 2015-16-ലെ റിപ്പോർട്ട് 24-2-2018-ന് സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കിയിട്ടുണ്ട്. കേരള ഖാദി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിന്റെ 2016-17-ലെ റിപ്പോർട്ട് അടിയന്തരമായി സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### 36. കെൽട്രോൺ

90. കെൽട്രോണിന്റെ 2014-15 വർഷത്തെ റിപ്പോർട്ട് പ്രിന്റ് ചെയ്ത് ഡിസംബർ മാസം 10-ാം തീയതി സമർപ്പിക്കുമെന്നും 2015-16 വർഷത്തെ ഓഡിറ്റ് പൂർത്തിയായിട്ടുണ്ടെന്നും കമന്റ്സിനായി ഉടൻ അയയ്ക്കുമെന്നും 2016-17 വർഷത്തെ അക്കൗണ്ടിംഗ് ജോലികൾ ആരംഭിച്ചിട്ടുണ്ടെന്നും 2017 അവസാനത്തോടുകൂടി പൂർത്തിയാക്കാനാണ് ശ്രമിക്കുന്നതെന്നും മാനേജിംഗ് ഡയറക്ടർ 29-11-2017-ലെ യോഗത്തിൽ അറിയിച്ചിരുന്നു.

91. കെൽട്രോണിന്റെ 2015-16-ലെ റിപ്പോർട്ട് 30-1-2018-ന് സഭയിൽ സമർപ്പിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ 2014-15, 2016-17 എന്നീ വർഷങ്ങളിലെ റിപ്പോർട്ട് അടിയന്തരമായി സഭയിൽ സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### 37. സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK)

92. സ്ഥാപനത്തിന്റെ 2015-16 വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കിയിട്ടുണ്ട്. 2016-17-ലെ ഓഡിറ്റ് പൂർത്തീകരിച്ച് സി & എ. ജി. യുടെയും ധനകാര്യ വകുപ്പിന്റെയും അഭിപ്രായത്തിനായി അയച്ചിട്ടുണ്ടെന്നും ജനുവരി മാസത്തോടു കൂടി ലഭ്യമാക്കാമെന്നും മാനേജിംഗ് ഡയറക്ടർ 29-11-17-ലെ യോഗത്തിൽ അറിയിച്ചു.

93. സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിന്റെ 2015-16-ലെ റിപ്പോർട്ട് 30-1-2018-ന് സഭയിൽ സമർപ്പിച്ചിട്ടുണ്ട്. സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിന്റെ 2016-17-ലെ റിപ്പോർട്ട് അടിയന്തരമായി സഭയിൽ സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### 38. കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷൻ ലിമിറ്റഡ്

94. സ്ഥാപനത്തിന്റെ 2012-13 വരെയുള്ള റിപ്പോർട്ടുകൾ മാത്രമേ സഭയിൽ സമർപ്പിച്ചിട്ടുള്ളൂ. 2013-14 -ലെ റിപ്പോർട്ട് എ.ജി.എം. അംഗീകരിച്ച് പ്രിന്റിംഗിലാണെന്നും

2014-15 വർഷത്തെ ഓഡിറ്റിംഗ് ആരംഭിക്കുന്നതേയുള്ളുവെന്നും കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷൻ ലിമിറ്റഡ് മാനേജർ (പേഴ്സണൽ) 29-11-2017-ലെ യോഗത്തിൽ അറിയിച്ചു.

95. റിപ്പോർട്ട് സമർപ്പിക്കുന്നതിൽ ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തുന്ന ഒരു സ്ഥാപനമാണിതെന്നും അത് അടിയന്തരമായി പരിഹരിക്കുന്നതിനുള്ള ഒരു സാഹചര്യമുണ്ടാക്കണമെന്നും വ്യവസായ വകുപ്പ്സെക്രട്ടറി ഇക്കാര്യത്തിൽ അതീവ ശ്രദ്ധ ചെലുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

96. കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ 2013-14 മുതലുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിനായി ഒരു കർമ്മപദ്ധതി തയ്യാറാക്കി സമിതിയിൽ സമർപ്പിക്കണമെന്നും അതിന്റെ അടിസ്ഥാനത്തിൽ 2013-14 മുതലുള്ള റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## 39. SAIL-SCL കേരള ലിമിറ്റഡ്

97. സ്ഥാപനത്തിന്റെ 2015-16 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടെന്നും 2016-17 വർഷത്തെ ഓഡിറ്റ് എ.ജി.എം. അംഗീകരിച്ചാൽ 2018 ജനുവരിയോടുകൂടി സമർപ്പിക്കാമെന്നും SAIL-SCL കേരള ലിമിറ്റഡ് ഡെപ്യൂട്ടി മാനേജർ അറിയിച്ചു.

98. 2015-16-ലെ റിപ്പോർട്ട് 30-1-2018-ന് സഭയിൽ സമർപ്പിച്ചിട്ടുണ്ട്.

99. SAIL-SCL കേരള ലിമിറ്റഡിന്റെ 2016-17-ലെ റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശചെയ്യുന്നു.

100. സംസ്ഥാന ഖജനാവിൽനിന്നും വളരെയേറെ ധനസഹായം നല്കി സർക്കാർ തുടങ്ങിയിട്ടുള്ളതാണ് പൊതുമേഖലാ സ്ഥാപനങ്ങൾ. ഇവയ്ക്ക് വേണ്ടി വർഷാവർഷം നിയമസഭ പാസാക്കി നല്കുന്ന തുകയുടെ വിനിയോഗം സംബന്ധിച്ച് വിശദാംശങ്ങൾ അറിയുവാനുള്ള അവകാശം നിയമസഭയ്ക്കുണ്ട്. നിയമസഭയോട് ഈ സ്ഥാപനങ്ങൾക്കുള്ള ഉത്തരവാദിത്വം നിറവേറ്റപ്പെടുന്നതിന് വാർഷിക റിപ്പോർട്ടുകളും ഓഡിറ്റ് റിപ്പോർട്ടുകളും കൃത്യമായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ അവയുടെ വാർഷിക റിപ്പോർട്ട്/ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കുന്നതിൽ കൃത്യനിഷ്ഠ പാലിക്കുന്നതായി കാണുന്നില്ല. മിക്ക പൊതുമേഖലാ സ്ഥാപനങ്ങളുടെയും മേൽനോട്ടത്തിനും നിയന്ത്രണത്തിനുമായി ഭരണ വകുപ്പിന് പ്രത്യേക വിഭാഗങ്ങൾ ഉണ്ടായിട്ടും അവർ അവരുടെ ഉത്തരവാദിത്വം നിറവേറ്റുന്നില്ല എന്ന് തുറന്നുപറയേണ്ടിവരുന്നു. ബന്ധപ്പെട്ട ഭരണവകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന അക്ഷന്തവ്യമായ വീഴ്ച ഒഴിവാക്കുന്നതിനായി സമിതി കത്തിടപാടുകൾ വളരെയേറെ നടത്തിയിരുന്നു. എന്നാൽ അതെല്ലാം വൃഥാവിലായിത്തീരുന്നു. നിയമസഭയുടെയും നിയമസഭാ സമിതിയുടെയും പ്രാധാന്യം

ഉൾക്കൊള്ളാതെയാണ് വകുപ്പും ഉദ്യോഗസ്ഥരും പെരുമാറുന്നത്. റിപ്പോർട്ടുകൾ കുടിശ്ശിക വരുത്തുന്നത് ഏതൊക്കെ തലങ്ങളിലാണെന്ന് അറിയാനുള്ള മാർഗ്ഗം ഇപ്പോൾ നിലവിലുണ്ട്. അതിനാൽ റിപ്പോർട്ടുകൾ കുടിശ്ശിക വരുത്താതെ അപ്ഡേറ്റ് ചെയ്യാൻ ശ്രമിക്കണമെന്നും ഇക്കാര്യത്തിൽ സെക്രട്ടറിതലംമുതൽ എല്ലാ ഉദ്യോഗസ്ഥരും വളരെ ഗൗരവമായി ഇടപെട്ടുകൊണ്ട് പ്രവർത്തിക്കേണ്ടതാണെന്നും ധനകാര്യ വകുപ്പ് ഇക്കാര്യങ്ങൾ മോണിറ്റർ ചെയ്യുന്നുണ്ടെങ്കിലും കുറച്ചുകൂടി ഗൗരവതരമായി ഇടപെടണമെന്നും സമിതി നിർദ്ദേശിക്കുന്നു. തെളിവെടുപ്പുയോഗത്തിൽ പങ്കെടുത്ത വിവിധ സ്ഥാപനങ്ങളുടെ മേധാവികൾ നല്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന പൊതുനിഗമനങ്ങളും ശിപാർശകളുമാണ് താഴെ ചേർത്തിട്ടുള്ളത്.

101. ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഡയറക്ടർ ബോർഡിൽ ഉള്ള ബന്ധപ്പെട്ട ഭരണ/ധനകാര്യ വകുപ്പിന്റെ പ്രതിനിധികൾ ടി സ്ഥാപനത്തിന്റെ വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സമർപ്പിക്കേണ്ടതിന്റെ പ്രാധാന്യം ഡയറക്ടർ ബോർഡിനെ ബോദ്ധ്യപ്പെടുത്തി നിശ്ചിത സമയപരിധിക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് മുൻകൈയെടുക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. തെളിവെടുപ്പുവേളയിൽ ചില സ്ഥാപനങ്ങൾ കുടിശ്ശികയില്ലാതെ റിപ്പോർട്ട് വ്യവസായ വകുപ്പിന് കൈമാറിയിട്ടുണ്ടെന്ന് അറിയിച്ചു. എന്നാൽ ഇവയൊന്നും നിയമസഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കിയിട്ടില്ല എന്നത് വ്യവസായ വകുപ്പിന്റെ ഗുരുതരമായ കൃത്യവിലോപമാണെന്ന് സമിതി വിലയിരുത്തുന്നു. സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിൽനിന്നും റിപ്പോർട്ട് സമർപ്പിക്കേണ്ടത് സംബന്ധിച്ച് ഉത്തരവുകൾ ഇറങ്ങുകയും അത് എല്ലാ വകുപ്പുകൾക്കും അയച്ചുകൊടുക്കുകയും ചെയ്യാറുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ റിപ്പോർട്ട് സമർപ്പണം മാത്രം കൃത്യമാകുന്നില്ല.

102. ആയതിനാൽ നിയമസഭയിൽ സമർപ്പിക്കുന്നതിന് റിപ്പോർട്ടുകൾ സ്ഥാപനങ്ങൾ ലഭ്യമാക്കിയിട്ടും സഭയിലേക്ക് ലഭ്യമാക്കാത്തതു സംബന്ധിച്ച് വ്യവസായ വകുപ്പ് സെക്രട്ടറി നേരിട്ട് പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാനും കാലതാമസ പത്രികയിൽ ഇവ വിശദമാക്കിയിരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

103. ഭരണ വകുപ്പിൽ ലഭിക്കുന്ന റിപ്പോർട്ടുകൾ പരിശോധിച്ച് അവ കൃത്യസമയത്ത് സഭയിൽ സമർപ്പിക്കുന്നുണ്ടെന്നുറപ്പ് വരുത്തുന്നതിന് ആവശ്യമായ നടപടി ചീഫ് സെക്രട്ടറി തലത്തിൽ ഏർപ്പെടുത്തണമെന്നും ഇതിന്റെ പുരോഗതി സമിതിയെ അറിയിക്കണമെന്നും നിർദ്ദേശിക്കുന്നു.

104. വാർഷിക റിപ്പോർട്ട്, ഓഡിറ്റ് റിപ്പോർട്ട് എന്നിവയിൽ എന്തെല്ലാമാണ് ഉൾപ്പെടുത്തേണ്ടതെന്നുള്ള വ്യക്തമായ നിർദ്ദേശം സ്ഥാപനങ്ങൾക്ക് നല്കണമെന്നും

അതനുസരിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നുണ്ടെന്നും വ്യവസായ വകുപ്പ് ഉറപ്പുവരുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ലഭ്യമാക്കുന്ന റിപ്പോർട്ടിലെ ഉള്ളടക്കവും റിപ്പോർട്ടിന്റെ പുറംചട്ടയിലെ രേഖപ്പെടുത്തലും ഒന്നുതന്നെയാണെന്നുറപ്പ് വരുത്തേണ്ടതും ബന്ധപ്പെട്ട ഭരണ വകുപ്പിന്റെ ചുമതലയാണെന്നും ഇത് പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

105. നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിനായി ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെ പുറംചട്ടയിൽ പ്രസ്തുത സ്ഥാപനത്തിന്റെ ചട്ടത്തിലെ ഏതു ചട്ടം/വകുപ്പ് പ്രകാരമാണ് പ്രസ്തുത റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതെന്ന് രേഖപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. നിലവിൽ വ്യവസായ വകുപ്പിൽനിന്നും റിപ്പോർട്ടിനോടൊപ്പമുള്ള ആമുഖ കത്തിൽ "റിപ്പോർട്ട് സമിതിയുടെ മേശപ്പുറത്തു വയ്ക്കുക, സമിതിയിൽ സമർപ്പിക്കുക, തുടർനടപടി സ്വീകരിക്കുക" എന്നിവയിൽ ഏതെങ്കിലും ഒരു രീതിയിലായിരിക്കും രേഖപ്പെടുത്തുന്നത്. ബന്ധപ്പെട്ട സ്ഥാപനത്തിന്റെ ചട്ടത്തിൽത്തന്നെ എന്തെല്ലാം രേഖകളാണ് സഭയിൽ സമർപ്പിക്കേണ്ടത് എന്ന് വ്യക്തമായി നിർവ്വചിച്ചിട്ടുണ്ടാകും. ഇതു പലപ്പോഴും ശ്രദ്ധിക്കാതെയാണ് ആമുഖ കത്ത് തയ്യാറാക്കുന്നത്.

106. ആയതിനാൽ വ്യവസായ വകുപ്പിൽനിന്നും റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിന് നല്കുന്ന ആമുഖ കത്തിൽ പ്രസ്തുത സ്ഥാപനത്തിന്റെ ചട്ടത്തിലെ ഏതു ചട്ടം/വകുപ്പ് പ്രകാരമാണ് റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതെന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

107. ഓഡിറ്റിന് ചുമതലപ്പെടുത്തപ്പെട്ട ഓഡിറ്റർമാർ സമയബന്ധിതമായി ഓഡിറ്റ് പൂർത്തിയാക്കുന്നില്ല എന്ന പരാതി തെളിവെടുപ്പുവേളയിൽ പല സ്ഥാപനങ്ങളും ഉന്നയിച്ചിരുന്നു. C&A.G-യാണ് ഓഡിറ്റർമാരെ ചുമതലപ്പെടുത്തുന്നതെന്നും പിന്നീട് C&A.G-യുമായി നേരിട്ട് ബന്ധപ്പെട്ടാണ് ഇത് പരിഹരിക്കുന്നതെന്നും സമിതിയെ അറിയിച്ചു. സ്ഥാപനമേധാവികളുടേയും ഓഡിറ്റർമാരുടേയും യോഗംവിളിച്ച് സംസാരിച്ചതിൽ ഇത്തരം പ്രശ്നങ്ങൾ ഉള്ളതായി പരാതി ലഭിച്ചില്ലെന്ന് വ്യവസായ വകുപ്പ് സെക്രട്ടറി അറിയിച്ചു. ആയതിനാൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഡിറ്റിന് ചുമതലപ്പെടുത്തുന്നവർ ഓഡിറ്റ് കൃത്യസമയത്ത് പൂർത്തീകരിക്കുന്നുവെന്നുറപ്പ് വരുത്തുവാനും വീഴ്ച വരുത്തുന്നവരെ കരിമ്പട്ടികയിൽപെടുത്തുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്നും ഓഡിറ്റർമാരെ ചുമതലപ്പെടുത്തുമ്പോൾത്തന്നെ സമയക്രമം നിശ്ചയിച്ച് അതനുസരിച്ച് ഓഡിറ്റ് പൂർത്തീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ സ്ഥാപനങ്ങൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

108. സ്ഥാപനങ്ങളുടെ വാർഷിക/ഓഡിറ്റ് റിപ്പോർട്ട് അംഗീകരിക്കുന്നതിന് വാർഷിക പൊതുയോഗം കൃത്യമായി ചേരുന്നതിനും യോഗത്തിൽ റിപ്പോർട്ടുകൾ കൃത്യസമയത്ത്

സഭയിൽ സമർപ്പിക്കേണ്ടതിന്റെ ആവശ്യകത യോഗത്തെ അറിയിക്കേണ്ടതും ഡയറക്ടർ ബോർഡിലുള്ള ഭരണ/ധനവകുപ്പുദ്യോഗസ്ഥരുടെ ഉത്തരവാദിത്വമാണെന്നും ഇത് നിർവ്വഹിക്കുന്നുണ്ടെന്നുറപ്പ് വരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

109. പൊതുമേഖലാ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിനുള്ള ഉത്തരവാദിത്വം അതതു സ്ഥാപനങ്ങൾക്കു മാത്രമല്ല എന്ന് സമിതി ഓർമ്മപ്പെടുത്തുന്നു. നിയമസഭ, സ്ഥാപനങ്ങൾക്ക് നേരിട്ടല്ല തുക പാസാക്കി നല്കുന്നത്. ബന്ധപ്പെട്ട ഭരണവകുപ്പുകൾ മുഖേന ലഭ്യമാക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയനുസരിച്ച് പരിശോധിച്ച ശേഷമാണ് തുക അനുവദിക്കുന്നത്. അതിനാൽത്തന്നെ ഓഡിറ്റ്/വാർഷിക റിപ്പോർട്ട് കൃത്യസമയത്ത് സഭയിൽ സമർപ്പിക്കുന്നുണ്ടെന്നുറപ്പുവരുത്തേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പാണ്. എന്നാൽ ഭരണ വകുപ്പ് ഇതിൽ ശ്രദ്ധിക്കാറില്ലെന്നു മാത്രമല്ല സ്ഥാപനങ്ങൾ ലഭ്യമാക്കിയത് എത്ര റിപ്പോർട്ടാണെന്നോ, ചട്ടപ്രകാരമാണോ തയ്യാറാക്കിയിട്ടുള്ളതെന്നോ, ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിലാണോ എന്നീ കാര്യങ്ങൾ ഒന്നും ശ്രദ്ധിക്കുന്നതായി കാണുന്നില്ല. സമിതിക്കു ലഭ്യമാക്കുന്ന കാലതാമസപത്രികയിൽപോലും "കാലതാമസപത്രിക ആവശ്യപ്പെട്ടുകൊണ്ട് നിയമസഭാ സെക്രട്ടേറിയറ്റിൽനിന്നും ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ......" എന്നിങ്ങനെ രേഖപ്പെടുത്തിക്കാണുന്നു. കൂടാതെ ഒരേ സ്ഥാപനത്തിന്റെ പല വർഷങ്ങളിലെ കാലതാമസ പത്രികയിലും "ഭാവിയിൽ കാലതാമസം കൂടാതെ റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന്" എന്ന് ചേർത്തിരിക്കും. എന്നാൽ പിന്നേയും ഇതു തന്നെ ആവർത്തിക്കും. ചില റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് തയ്യാറാക്കിയ ആമുഖ കത്തിലെ തീയതിയും നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭിക്കുന്ന തീയതിയും തമ്മിൽ ഒന്നു മുതൽ അഞ്ചും ആറും മാസങ്ങളുടെ വ്യത്യാസം ഉണ്ടാകുന്നതും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഇക്കാര്യങ്ങളിൽ ഭരണ വകുപ്പിൽ നിലനില്ക്കുന്ന ഉത്തരവാദിത്വമില്ലായ്മയെ സമിതി നിശിതമായി കുറ്റപ്പെടുത്തുകയും ഇതൊഴിവാക്കുന്നതിന് ചീഫ് സെക്രട്ടറി തലത്തിൽ വകുപ്പുസെക്രട്ടറിമാർക്ക് ആവശ്യമായ നിർദ്ദേശം നല്കി ഇത്തരം ഉത്തരവാദിത്വമില്ലായ്മ ആവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തണമെന്നും കൃത്യമായ ഇടവേളകളിൽ ഇതിനാവശ്യമായ യോഗങ്ങൾ . ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ നടത്തി ആയതിന്റെ വിശദമായ നടപടി റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

110. പ്രവർത്തനം നിലച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം നിലച്ച വർഷം വരെയുള്ള കണക്കുകൾ പൂർത്തീകരിച്ച് സഭയിൽ സമർപ്പിക്കണമെന്നും ആസ്തിബാദ്ധ്യതകൾ കൈമാറ്റം ചെയ്തത് സംബന്ധിച്ച വിശദാംശം സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

111. ഓരോ വകുപ്പിനു കീഴിലും പുതുതായി ആരംഭിക്കുന്ന പൊതുമേഖല സ്വയംഭരണ സ്ഥാപനങ്ങളുടേയും വിശദാംശം കാലാകാലങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾ സമിതിയെ അറിയിക്കുകയും അത്തരം സ്ഥാപനങ്ങളുടെ രൂപീകരണത്തിന് ആധാരമായ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രസ്തുത സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിനായി ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

മോൻസ് ജോസഫ്,
*അദ്ധ്യക്ഷൻ,*
*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2018 മാർച്ച് 27.

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.